പ്രഭാതപ്പതിപ്പ് Registered No. M. 5797 PHONE No. 523 വില 1 ണ. 3 സ.

ദേശബന്ധു

Vol. 4 | കോട്ടയം 1952 ഓഗസ്റ്റ് 9 ശനി പേജ് 4 | No. 185

യാചകൻ
അഥവാ
"പരദേശി"
ഡാക്ടർ പി. എസ്സ്. നായരുടെ സുപ്രസിദ്ധമായ ഗദ്യനാടകം. 2-ാം പതിപ്പ്.
വില രൂപാ 1. ണ. 8.
Apply to:-
വിദ്യാരംഭം പ്രസ്സ് & ബുക്കഡിപ്പോ, ആലപ്പുഴ.

"കൊട്ടാരം ആന്റ് കമ്പനി"
ഇംഗ്ലീഷ് ഔഷധശാല
ചങ്ങനാശേരി
(ട്രാൻസ്പോർട്ട് സ്റ്റാന്റിന് സമീപം)
എല്ലാവിധ ഔഷധങ്ങളും മിതമായവിലയ്ക്ക്
മൊത്തമായും ചില്ലറയായും വിൽക്കപ്പെടും.

ആസ്പത്രികൾക്ക് ഞായറാഴ്ച അവധി

ഉച്ചയ്ക്കു ശേഷം—ഗവ: ന്റെ താൽക്കാലിക നടപടി

(സ്വ-ലേ) തിരു: ആഗസ്റ്റ് 8 മെഡിക്കൽ സ്ഥാപനങ്ങൾക്കു ഞായറാഴ്ചദിവസങ്ങളിൽ ഉച്ചയ്ക്കുശേഷം ഗവ: അവധി അനുവദിച്ചിരിക്കുന്നു. എന്നാൽ വെളിയിൽനിന്നുള്ള രോഗികളുടെ കാര്യത്തിൽ, അടിയന്തിരമായ കേസുകൾ നോക്കുന്നതിനു സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഇതൊരു താൽക്കാലിക നടപടിയാണ്. ആറുമാസത്തിനുശേഷം ഈ നടപടി പുന:പരിശോധനയ്ക്കു വിധേയമാക്കുന്നതായിരിക്കും.

കോട്ടയം

(സ്വ-ലേ) ആഗസ്റ്റ് 9

ഇവിടെ എത്തിയിരുന്ന റജിസ്ട്രേഷൻ ഐ. ജി. കുഞ്ഞുകൃഷ്ണനും, പബ്ളിക്ക്ഹെൽത്ത് ഡയറക്ടർ ഡാ. ഈ. എസ്. ആർ. മേനോനും വടക്കൻദിക്കുകളിലേക്ക് സർക്കീട്ടുപോയിരിക്കുന്നു.

പേരൂർ നാലാംനമ്പർ കേസ് ഹീയറിംഗ് തുടർന്നു നടന്നുകൊണ്ടിരിക്കുന്നു. മൂന്നുനാലുദിവസംകൂടി തുടർന്നു ഹീയറിംഗ് നടക്കുന്നതാണ്.

ഇവിടെ എത്തിയിരുന്ന റവന്യൂബോർഡുമെംബർ പി. എ. കാസിം വണ്ടൻമേട്ടിലേക്കു പോയിരിക്കുന്നു. വണ്ടൻമേട്ടിൽ അനധികൃതമായികുടിയേറിയവരുടെ സ്ഥിതിഗതികളെപ്പറ്റി അന്വേഷിക്കുന്നതാണെന്നുമറിയുന്നു.

ഖാദിവില്പന

ലൈസൻസിനുള്ള അപേക്ഷകൾ

(സ്വ-ലേ)

തിരു:, ആഗസ്റ്റ് 8

അഖിലേന്ത്യാ സ്പിന്നേഴ്സ് അസോസ്യേഷൻ സെക്രട്ടറിയിൽനിന്ന് ഇതിനകം സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവരൊഴികെ മറ്റെല്ലാവരും, ഖാദിവിൽക്കുന്നതിനു ലൈസൻസ് വാങ്ങേണ്ടതാണ്. സെക്യൂരിറ്റി 500 രൂപയും ലൈസൻസ് ഫീസ് 100 രൂപയും ട്രഷറിയിൽ ഒടുക്കി ചെല്ലാൻ സഹിതം ലൈസൻസ്സിനു അപേക്ഷിക്കേണ്ടതാണ്. ലൈസൻസിനുള്ള അപേക്ഷകൾ, തിരുവനന്തപുരം ടെക്സ്റ്റൈൽ കമ്മീഷണറുടെപേർക്കോ, എറണാകുളം ഡപ്യൂട്ടിടെക്സ്റ്റൈൽ കമ്മീഷണറുടെപേർക്കോ സെപ്റ്റംബർ 1-ാം തീയതിക്കകം കിട്ടത്തക്കവിധത്തിൽ അയച്ചിരിക്കേണ്ടതാണ്.

നെഹ്രുവിന്റെ ഖേദം

തെറ്റായ ഒരു പ്രസ്താവന പുറപ്പെടുവിച്ചതിൽ

ന്യൂഡൽഹി, ആഗസ്റ്റ് 8

നേപ്പാളിൽനിന്ന് ആളുകളെ ബ്രിട്ടീഷ്സേനയിലേക്ക് റിക്രൂട്ടുചെയ്യുന്നതിനുവേണ്ടി നേപ്പാളിനു സമീപമുള്ള ചില റിക്രൂട്ടിംഗ് ഡിപ്പോകൾ ഉപയോഗിക്കാൻ ബ്രിട്ടീഷുകാർക്കു സൗകര്യംചെയ്തുകൊടുത്തിട്ടുള്ളതു താൽക്കാലികമായിട്ടാണെന്ന് പ്രധാനമന്ത്രി നെഹ്രു ഇന്നു ജനപ്രതിനിധിസഭയിൽ പ്രസ്താവിച്ചു.

ഇന്ത്യയിൽവച്ച് ഗൂർക്കാ ഭടന്മാരെ റിക്രൂട്ടുചെയ്യുന്നതിന് ബ്രിട്ടീഷുകാർക്കു വിശേഷാൽ സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടെന്ന് താൻ ജൂൺ 12-ാംതീയതി ചെയ്ത പ്രസ്താവന ശരിയല്ലെന്നും അങ്ങനെ പ്രസ്താവിച്ചതിൽ ഖേദിക്കുന്നുവെന്നും നെഹ്രു തുടർന്നു പ്രസ്താവിച്ചു.

(പി. റ്റി. ഐ.)

വ്യോമസേനാബില്ല്

കേന്ദ്രജനപ്രതിനിധിസഭ ചർച്ചയ്ക്കെടുത്തു

ന്യൂഡൽഹി, ആഗസ്റ്റ് 8

റിസർവ്വ് വ്യോമസേനയേയും സഹായകവ്യോമസേനയേയും സംബന്ധിച്ച ബില്ലിന്റെ സംയുക്തസെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് കേന്ദ്രജനപ്രതിനിധിസഭ ഇന്നു പാസ്സാക്കി.

സ്ഥിരമായ ഒരു റിസർവ്വ് വ്യോമസേനയും പ്രതിരോധ വ്യോമസേനയും സഹായക വ്യോമസേനയും രൂപവൽക്കരിക്കുന്നതിന് കേന്ദ്രഗവ:ന് അധികാരം നൽകുന്ന ഒന്നാണ് പ്രസ്തുത ബില്ല്. (പി-റ്റി-ഐ)

കോട്ടയത്തെ

സ്വാതന്ത്ര്യദിനാഘോഷ പരിപാടി

(സ്വ-ലേ)കോട്ടയം, ആഗസ്റ്റ് 8

ആഗസ്റ്റ് 15-ന് തിരുനക്കര മൈതാനത്ത് താഴെ പറയുന്ന പരിപാടികൾ ഉണ്ടായിരിക്കുന്നതാണ്.

കാലത്ത് 7 മണിക്ക് ക്രോസ് കൺട്രി റെയിസ് മൈതാനത്തുനിന്നും തുടങ്ങുന്നതും ഏഴര മണിക്ക് അവിടെത്തന്നെ അവസാനിക്കുന്നതുമാണ്. 8-ന് പതാക ഉയർത്തൽ വി. ഒ. മർക്കോസ്, 8. 10-ന് പോലീസ് പരേഡ്, ഡി. കലക്ടർ സല്യൂട്ട് സ്വീകരിക്കുന്നതാണ്. 8. 30-ന് കായികമത്സരം, 50 മീറ്റർ ഓട്ടം, 1500 മീറ്റർ ഓട്ടം, 3000 മീറ്റർ ഓട്ടം, ഫാൻസിഡ്രസ്സ്, വടംവലി.

വൈകിട്ട് 5. 30-ന് പബ്ളിക്ക് മീറ്റിംഗ് അദ്ധ്യക്ഷൻ കെ. ആർ. ഇലങ്കത്ത്, പ്രാസംഗികന്മാർ മന്ത്രി പനമ്പിള്ളി ഗോവിന്ദമേനോൻ, പി. സദാശിവൻപിള്ള, മന്ത്രി കളത്തിൽ വേലായുധൻനായർ, മന്ത്രി കൊച്ചുകുട്ടൻ. പബ്ളിക്കുയോഗത്തിന്റെ ഉപസംഹാരവേളയിൽ മത്സരത്തിൽ വിജയികളാകുന്നവർക്ക് സമ്മാനങ്ങൾ നൽകുന്നതാണ്.

ഖദർ ധരിച്ച

അമേരിക്കൻ വിദ്യാർത്ഥി

(സ്വ-ലേ) തിരു, ആഗസ്റ്റ് 8

ഇവിടെ എത്തിയിട്ടുള്ള കാലിഫോർണിയാ സർവ്വകലാശാലാ വിദ്യാർത്ഥിസംഘം യൂണിവേഴ്സിറ്റി കോളേജ് ആഡിറ്റോറിയത്തിൽവച്ച് അമേരിക്കൻ വിദ്യാഭ്യാസരീതി, രാഷ്ട്രീയ സ്ഥിതിഗതികൾ തുടങ്ങിയ വിഷയങ്ങളെപ്പറ്റി ഇന്നു ചർച്ച നടത്തി. ഈ സംഘത്തിൽപ്പെട്ട ഒരാൾ ഖദർവേഷധാരിയായിട്ടാണുവന്നതു്. ഖദറിന്റെ മാഹാത്മ്യത്തെപ്പറ്റി അദ്ദേഹം പ്രസംഗിച്ചു. ഖദർവസ്ത്രം ഇന്ത്യൻ ദേശീയചിഹ്നമായി കണക്കാക്കുന്നു. അതിന്റെ ലാളിത്യത്തിന് പ്രസിദ്ധി ലഭിച്ചിരിക്കുന്നു. ഇന്ത്യയിൽ ദേശീയപ്രാധാന്യമുള്ളതും ദേശീയവസ്ത്രധാരണത്തിനുപയോഗിക്കുന്നതുമായ ഖദർവസ്ത്ര ഒരു പ്രദർശനവസ്തുവായി അമേരിക്കയിലേയ്ക്കു കൊണ്ടുപോകാനും അതിന്റെ മാഹാത്മ്യത്തെപ്പറ്റി അമേരിക്കക്കാരെ മനസ്സിലാക്കാനും ഉദ്ദേശിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ഡാക്ടർ എസ്. വെങ്കിടേശ്വരയ്യരാണ് പ്രസ്തുത സംഘത്തെ വിദ്യാർത്ഥികൾക്കു പരിചയപ്പെടുത്തിക്കൊടുത്തതു്.

വില്പനനികുതി

ഇന്ത്യയിലൊട്ടാകെ ഐകരൂപ്യം വരുത്തും

നാഗപ്പൂർ, ആഗസ്റ്റ് 8

നികുതിചുമത്തൽ അന്വേഷണക്കമ്മറ്റി, ഇന്ത്യയിലൊട്ടാകെ വിൽപ്പനനികുതി ചുമത്തുന്ന വിഷയത്തിൽ ഒരു ഐകരൂപ്യം വരുത്തുന്നതാണെന്നു കേന്ദ്രധനകാര്യമന്ത്രി ദേശ്മുഖ് ഇന്നു ഇവിടെവച്ച് പ്രസ്താവിച്ചു.

(പി. റ്റി. ഐ.)

എണ്ണത്തർക്കം

പേഴ്സ്യൻ ഗവ. ചർച്ച പുനരാരംഭിക്കാമെന്ന്

ടെഹറാൻ, ആഗസ്റ്റ് 8

പേഴ്സ്യൻ ഗവമ്മെന്റിന്റേയും ആംഗ്ലോ-ഇറാനിയൻ എണ്ണക്കമ്പെനിയുടേയും അവകാശവാദങ്ങൾ പരിശോധിക്കുന്നതിനായി പ്രസ്തുത കമ്മറ്റിയുമായി ചർച്ചകൾ പുനരാരംഭിക്കാൻ തയാറാണെന്ന് അറിയിച്ചുകൊണ്ട് പേഴ്സ്യൻ ഗവർമ്മെന്റ് ബ്രിട്ടന് ഒരു കുറിപ്പ് അയച്ചിരിക്കുന്നു. (റോയിട്ടർ)

തിരു-കൊച്ചിയിൽ അടുത്തഭാവിയിൽ ഭക്ഷ്യ വിനിയന്ത്രണം ഏർപ്പെടുത്തുകയില്ലെന്ന് ഭക്ഷ്യവകുപ്പ മന്ത്രി പനമ്പിള്ളി

നെല്ലുകുത്തുമില്ലുകൾക്ക് അനുവാദം നൽകും—ഗോതമ്പു റേഷൻ പിൻവലിച്ചുകൊണ്ട് ഗവ: ന്റെ പ്രസ്നോട്ട്—വില, ലാഭ നഷ്ടമില്ലാതെ ക്ളിപ്തപ്പെടുത്തും

കൊല്ലം, ആഗസ്റ്റ് 8

അടുത്തഭാവിയിൽ സംസ്ഥാനത്ത് ഭക്ഷ്യധാന്യവിനിയന്ത്രണം ഏർപ്പെടുത്തുന്നതല്ലെന്ന് തിരു-കൊച്ചി ഭക്ഷ്യമന്ത്രി പനമ്പിള്ളി ഗോവിന്ദമേനോൻ ഇന്നുരാവിലെ പ്രസ്താവിച്ചു.

എന്നാൽ റേഷന്റെ ഒരു ഭാഗമെന്ന നിലയിൽ ഗോതമ്പ് നിർബന്ധിതമായി വാങ്ങണമെന്നുണ്ടായിരുന്ന വ്യവസ്ഥ നീക്കം ചെയ്തിരിക്കുന്നുവെന്ന് അദ്ദേഹം തുടർന്നു പ്രസ്താവിക്കുകയുണ്ടായി.

നിയന്ത്രിതവിലയ്ക്കു് പരസ്യവിപണിയിൽ വിൽക്കുന്നതിന് ഗവ: ഫോംസെയിൽസ് ഡിപ്പോകളിൽനിന്ന് ഗോതമ്പു വാങ്ങുവാൻ അനുവാദം നൽകണമെന്ന് ഇന്നലെ സമ്മേളിച്ച മന്ത്രിസഭ തീരുമാനിച്ചുവെന്ന് മന്ത്രി പനമ്പിള്ളി വെളിപ്പെടുത്തി.

നിറുത്തൽചെയ്തിരുന്ന നെല്ലുകുത്തുമില്ലുകൾ വീണ്ടും തുടങ്ങുന്നതിന് അനുവാദം നൽകണമെന്നും മന്ത്രിസഭ തീരുമാനിച്ചതായി അദ്ദേഹം പറഞ്ഞു.(പി. റ്റി. ഐ.)

. തിരു. ആഗസ്റ്റ് 8

ഭക്ഷ്യധാന്യറേഷനിലെ ഒരു ഔൺസ് ഗോതമ്പ് നിർബന്ധിതമായി വാങ്ങണമെന്നുള്ള വ്യവസ്ഥമൂലം പൊതുജനങ്ങൾക്കു നേരിടുന്ന വൈഷമ്യങ്ങൾ പരിഹരിക്കാനായി, നിർബന്ധിതമായി വാങ്ങണമെന്നുള്ള വ്യവസ്ഥ എടുത്തുകളയാൻ ഗവ: അനുവദിച്ചിരിക്കുന്നുവെന്ന് ഗവ: ഇന്നു പുറപ്പെടുവിച്ച ഒരു പ്രസ്സ്നോട്ടിൽ പറയുന്നു. ഗോതമ്പ് വ്യാപാരികൾക്ക് വിൽക്കുന്നതായിരിക്കും. അംഗീകൃത ഭക്ഷ്യധാന്യ റിട്ടെയിൽ വ്യാപാരികൾക്ക് റേഷനിൽപ്പെടാതെ എത്ര അളവു ഗോതമ്പും റേഷൻകാർഡു് ഉടമസ്ഥർക്കു വിൽക്കാവുന്നതാണ്. ഗോതമ്പിന്റെ വില ലാഭനഷ്ടമില്ലാതെ ക്ലിപ്തപ്പെടുത്തുന്നതാണ്.

സുപ്രീംകോടതിയിൽ പുതിയ ജഡ്ജിമാർ

ന്യൂഡൽഹി, ആഗസ്റ്റ് 8

അലഹബാദ് ഹൈക്കോടതിയിലെ റിട്ടയാർഡ് ജഡ്ജിയായ ഗുലാംഹസ്സനേയും ബോംബെ ഹൈക്കോടതിയിലെ ജഡ്ജിയായ നട്വർലാൽ ഹരിലാൽ ഭഗവതിയേയും സുപ്രീം കോടതിയിലെ ജഡ്ജിമാരായി പ്രസിഡണ്ട് നിയമിച്ചിരിക്കുന്നു. 1952 സെപ്റ്റംബർ 8-ാംതീയതി മുതൽ നിയമനം ഊർജ്ജിതത്തിൽ വരുന്നതാണ്.

ഈ വിവരം വെളിപ്പെടുത്തിക്കൊണ്ട് കേന്ദ്രആഭ്യന്തരകാര്യവകുപ്പിൽനിന്ന് ഇന്ന് ഒരു പ്രസ്നോട്ട് പുറപ്പെടുവിക്കുകയുണ്ടായി.

(പി-റ്റി-ഐ)

നേപ്പാളിൽ അഡ്വൈസറിഭരണം

പ്രധാനമന്ത്രി കൊയ്‌രാലാ രാജി സമർപ്പിക്കുന്നു

ഖാട്ട്മാണ്ഡു, ആഗസ്റ്റ് 8

പ്രധാനമന്ത്രി എം. പി. കൊയിരാലാ ഇന്നലെ ത്രിഭുവന രാജാവുമായി നടത്തിയ അഭിമുഖസംഭാഷണമദ്ധ്യേ, താൻ ഗവർമ്മെന്റിൽനിന്നും രാജിവയ്ക്കാൻ നിശ്ചയിച്ചിരിക്കുന്ന വിവരം ആവർത്തിച്ചു പ്രസ്താവിക്കയുണ്ടായി. അടുത്ത രണ്ടു മൂന്നു ദിവസങ്ങൾക്കുള്ളിൽ അദ്ദേഹം "മിക്കവാറും നിശ്ചയമായി" രാജി സമർപ്പിക്കുമെന്നാണ് പറയപ്പെടുന്നതു്.

ഏതാനും ദിവസങ്ങൾക്കു മുമ്പ് മൂന്ന് നീപ്പാൾ കോൺഗ്രസ്സ്മന്ത്രിമാരുടെ രാജി സ്വീകരിച്ചപ്പോൾ രാജാവു പറഞ്ഞതുപോലെ "ഗവമ്മെന്റു നടത്തിക്കൊണ്ടു പോകുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുവാൻ" രാജാവിനു പൂർണ്ണസ്വാതന്ത്ര്യം നൽകണമെന്നാണ താൻ ആഗ്രഹിക്കുന്നതെന്ന് കൊയിരാലാ പ്രസ്താവിച്ചതായി കേൾക്കുന്നു. രാജിവയ്ക്കണമെന്നുള്ള അദ്ദേഹത്തിന്റെ ആഗ്രഹം, ഈ ആഴ്ച, ആദ്യം അദ്ദേഹം രാജാവിനെ ധരിപ്പിച്ചിരുന്നുവത്രെ.

ആഗസ്റ്റും 29-ാംനു കൂടുന്ന നീപ്പാൾ കോൺഗ്രസ്സ്കമ്മിറ്റിയുമായി ആലോചിച്ച് തീരുമാനിക്കാനാണ് അദ്ദേഹം ഉദ്ദേശിക്കുന്നതെന്നറിയുന്നു.

പ്രധാനമന്ത്രിയുടെ രാജിയെ തുടർന്ന് അഡ്വൈസറി ഭരണമേർപ്പെടുത്തുമെന്ന പ്രതീക്ഷിക്കപ്പെടുന്നു.

നീപ്പാൾ കോൺഗ്രസ്സിനെ അധികാരത്തിൽ വച്ചു കൊണ്ടിരിക്കണമെന്നുള്ള ആഗ്രഹം ഒന്നുമാത്രമേ കൊയിരാലായെ തന്റെ ദൃഢനിശ്ചയത്തിൽനിന്നും വ്യതിചലിപ്പിക്കാൻ പര്യാപ്തമാകയുള്ളു എന്നാണ് പ്രധാനമന്ത്രിയുമായി അടുത്തു സമ്പർക്കമുള്ള കേന്ദ്രങ്ങൾ അഭിപ്രായപ്പെടുന്നതു്. (പി. റ്റി. ഐ.)

സ്വർണ്ണവും വെള്ളിയും

ലോകത്തിലെ ഉൽപ്പാദനം കുറഞ്ഞുവരുന്നു

ബോംബെ, ആഗസ്റ്റ് 8

1951-ൽ ലോകത്തിൽ 2.57 കോടി ഔൺസ് സ്വർണ്ണം ഉല്പാദിപ്പിക്കപ്പെട്ടുവെന്നും ഇതു മുമ്പിലത്തെ കൊല്ലത്തിലെ ഉല്പാദനത്തെ അപേക്ഷിച്ച് 2.7 ശതമാനം കുറവാണെന്നും താൽക്കാലിക കണക്കുകളിൽ കാണുന്നു. 1950-ലെ ഉൽപ്പാദനം 2.64 കോടി ഔൺസായിരുന്നു.

ഇന്ത്യയിലെ സ്വർണ്ണം ഉല്പാദനത്തിൽ 14.7 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. 1951-ൽ ഇന്ത്യയിൽ 226000 ഔൺസ് സ്വർണ്ണം ഉൽപ്പാദിപ്പിച്ചു. 1950-ൽ 197000 ഔൺസ് സ്വർണ്ണമാണ് ഇന്ത്യയിൽ ഉല്പാദിപ്പിച്ചതു്. എന്നാൽ 1939-ൽ ഇന്ത്യയിൽ 317000 ഔൺസ് സ്വർണ്ണം ഉൽപ്പാദിപ്പിച്ചിരുന്നു എന്ന വസ്തുത സ്മരണീയമാണ്.

1951-ൽ ലോകത്തിൽ വെള്ളിയുടെ ഉൽപ്പാദനം 15.52 കോടി ഔൺസാണ്. 1950-ൽ 16.51 കോടി ഔൺസായിരുന്നു. 1951-ലെ വെള്ളി ഉൽപ്പാദനം 1950-ലേതിനെ അപേക്ഷിച്ച് 6 ശതമാനം കുറവാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. 1951-ൽ ഇന്ത്യയിൽ 17 ലക്ഷം ഔൺസ് വെള്ളി ഉൽപ്പാദിപ്പിക്കപ്പെട്ടു. 1950-ലെ ഉൽപ്പാദനം 16 ലക്ഷം ഔൺസായിരുന്നു. (പി-റ്റി-ഐ)

ജാമ്യത്തിൽവിട്ടു

(സ്വ-ലേ)കോട്ടയം, ആഗസ്റ്റ് 9

കരുൻസ് ഫർണിച്ചർകമ്പനിയിലെ പണിമുടക്കിനെത്തുടർന്ന് അറസ്റ്റ് ചെയ്തിരുന്നവരേയും, ചങ്ങനാശ്ശേരി, കമ്മ്യൂണിസ്റ്റ് കോടതി പ്രവർത്തകരെന്നറിഞ്ഞ് അറസ്റ്റുചെയ്ത രണ്ടുപേരെയും സ്ഥലം സബ്ഡിവിഷൻ ഒന്നാംക്ലാസ് മജിസ്ട്രേട്ട് ജാമ്യത്തിൽ വിട്ടിരിക്കുന്നു.

ടൂറിസ്റ്റ്ട്രാഫിക്ക്

തിരുവനന്തപുരത്തു വച്ച് സമ്മേളനം കൂടുന്നു

മദ്രാസ്, ആഗസ്റ്റ് 8

ദക്ഷിണപൂർവ്വേഷ്യയിലെ ടൂറിസ്റ്റ് ട്രാഫിക്ക് വികസിപ്പിക്കുന്നതിനെപ്പറ്റി പര്യാലോചിക്കുന്നതിനായി ദക്ഷിണപൂർവ്വേഷ്യൻ രാജ്യ പ്രതിനിധികളുടെ ഒരു സമ്മേളനം 1953 ജനുവരി 1-ാംനു മുതൽ 20-ാംനു വരെ തിരുവനന്തപുരത്തു വച്ച് നടത്തുന്നതാണ്.

ദക്ഷിണപൂർവ്വേഷ്യൻ രാജ്യപ്രതിനിധികളെ കൂടാതെ സ്വകാര്യ ടൂറിസ്റ്റ് ഏജൻസികളുടെ പ്രതിനിധികളും സംബന്ധിക്കുന്ന പ്രസ്തുത സമ്മേളനം തിരു-കൊച്ചി ട്രാവൽബ്യൂറോയുടെ ആഭിമുഖ്യത്തിലാണ് നടത്തുക. ഇതു സംബന്ധിച്ച് തിരു-കൊച്ചി ട്രാവൽബ്യൂറോ, ഇന്ത്യാഗവമ്മെന്റുമായി എഴുത്തുകുത്തുകൾ നടത്തിവരുന്നു. (പി.റ്റി.ഐ.)

ഈജിപ്ത്

വാഫ്ദ്കക്ഷിയുടെ ലക്ഷ്യം

കയറോ, ആഗസ്റ്റ് 8

സുഡാനെ ഈജിപ്തിൽ ചേർക്കുകയും "കുടിപാർപ്പുസൈന്യ"ങ്ങളിൽനിന്ന് രാജ്യത്തെ "ശുദ്ധീകരിക്കുക"യുമാണ് തന്റെ പാർട്ടിയുടെ ലക്ഷ്യമെന്ന് വാഫ്ദ്പാർട്ടി നേതാവായ മുസ്തഫാനഹാസ് ഇന്നു പ്രസ്താവിച്ചു.

വാഫ്ദ്പാർട്ടിയുടെ രാഷ്ട്രീയവും ഭരണപരവുമായ അഭിപ്രായങ്ങളെക്കുറിച്ച് പര്യാലോചിക്കുന്നതാണെന്ന് പ്രധാനമന്ത്രി അലിമഹർ പാഷാ പ്രസ്താവിച്ചിരിക്കുന്നു. വാഫ്ദ് പാർട്ടിയുടെ അഭിപ്രായങ്ങൾ രേഖാമൂലം ഇന്നലെ പ്രധാനമന്ത്രിയെ അറിയിക്കുകയുണ്ടായി.

(റോയിട്ടർ)

സിങ്കപ്പൂരിൽ രാമകൃഷ്ണാശ്രമം

ഒരു ലക്ഷം ഡോളർ ചെലവഴിച്ചു നിർമ്മിക്കുന്നു

സിങ്കപ്പൂർ, ആഗസ്റ്റ് 8

ബേലൂർ രാമകൃഷ്ണാശ്രമത്തിന്റെ മാതൃകയിലുള്ള ഒരു ആശ്രമം സിങ്കപ്പൂരിന്റെ പരിസരത്തിലുള്ള ഒരു സ്ഥലത്തു നിർമ്മിച്ചുവരുന്നു. ഒരു ലക്ഷം ഡോളർ ചെലവുള്ള പ്രസ്തുത ആശ്രമം അടുത്തുതന്നെ പൂർത്തിയാകുന്നതാണ്. 1000 പേർക്കു ഇരിക്കാവുന്ന ഹാൾ, രാമകൃഷ്ണാശ്രമത്തിന്റെ ജന: സെക്രട്ടറിയായ സ്വാമി മാധവാനന്ദാ ഒക്ടോബർ 31-ാംതീയതി ഉൽഘാടനം ചെയ്യും. (പി-റ്റി-ഐ)

തടങ്കൽബില്ല്

കൗൺസിൽഓഫ് സ്റ്റേറ്റ്സിൽ ചർച്ചയാരംഭിച്ചു

ന്യൂഡൽഹി, ആഗസ്റ്റ് 8

കേന്ദ്രജനപ്രതിനിധിസഭ പാസ്സാക്കിയ കരുതൽ തടങ്കൽ (രണ്ടാംഭേദഗതി) ബില്ലിനെക്കുറിച്ച് കൗൺസിൽ ഓഫ് സ്റ്റേറ്റ്സ് ഇന്നു ചർച്ചയാരംഭിച്ചു.

(പി-റ്റി-ഐ)

പ്രോവിഡന്റ്ഫണ്ട്

തൊഴിലാളികൾക്ക്

(സ്വ-ലേ) തിരു: ആഗസ്റ്റ് 8

വ്യവസായസ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർക്ക് വാർദ്ധക്യകാലത്ത് വേണ്ടുന്ന പരിരക്ഷണം നൽകാൻ പ്രോവിഡന്റ് ഫണ്ടു മാത്രമേ സ്വീകരണാർഹമായി ഗവ. കാണുന്നുള്ളു. അതിനാൽ കേന്ദ്രഗവമ്മെന്റിൽനിന്ന് സിമന്റ്, സിഗററ്, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, പേപ്പർ, ടെക്സ്റ്റൈയിൽസ് മുതലായ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നു തീരുമാനിച്ചു. അതിനുവേണ്ട നിയമങ്ങൾ നിർമ്മിച്ചുവരികയാണ്. 50 തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന ഫാക്ടറികളെ മാത്രമേ ഈ വ്യവസ്ഥയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളു.

അശോക്‌മേത്താ-പ്രകാശം ചർച്ചകൾ

കെ. എം. പി. പി. - സോഷ്യലിസ്റ്റ് ലയനത്തേപ്പറ്റി

മദ്രാസ്, ആഗസ്റ്റ് 8

ബോംബെ ഗവ: ന്റെ പുതിയ നികുതിനിർദ്ദേശങ്ങൾക്കെതിരായുള്ള പ്രവർത്തനപദ്ധതിയെക്കുറിച്ചാലോചിക്കാൻ വിവിധസംഘടനാപ്രതിനിധികളുടെ ഒരു സമ്മേളനം ഈ മാസാവസാനത്തിൽ ബോംബെയിലോ അഹമ്മദബാദിലോവച്ചു കൂടുന്നതാണെന്ന് അശോകമേത്താ ഇന്നു ഇവിടെവച്ചു പ്രസ്താവിച്ചു. "ഞങ്ങളുടെ അവകാശവാദം നിസ്സാരമാണ്—നികുതികൾ പിൻവലിക്കുക!" എന്ന് അദ്ദേഹം തുടർന്നു പ്രസ്താവിച്ചു. ബഹുമുഖ വില്പനനികുതിയേയും മോട്ടോർവാഹന നികുതിയേയും എതിർക്കുന്നതിൽ പ്രതിപക്ഷങ്ങൾ ഒരുമിച്ചുനിൽക്കുന്നുവെന്ന് അദ്ദേഹംവെളിപ്പെടുത്തി. ഈ നികുതികളെ എതിർക്കുന്ന തങ്ങളോട് ചില കോൺഗ്രസ്കാർക്കുപോലും അനുഭാവമുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു.

അശോകമേത്താ ഇന്നു റ്റി. പ്രകാശവുമായി ചർച്ചകൾ നടത്തി. ചർച്ചകൾ നാളെയും തുടരും. സോഷ്യലിസ്റ്റ്-കെ. എം. പി. പി. ലയനത്തേപ്പറ്റിയായിരുന്നു ചർച്ച. (പി. റ്റി. ഐ)

വിദ്യാലയങ്ങൾക്ക അവധി

ഓണവും ക്രിസ്തുമസ്സും പ്രമാണിച്ച്

(സ്വ-ലേ) തിരു: ആഗസ്റ്റ് 8

ഓണം പ്രമാണിച്ച സംസ്ഥാനത്തെ അംഗീകൃതവിദ്യാലയങ്ങൾക്ക് ആഗസ്റ്റ് 30-ാം തീയതി മുതൽ സെപ്റ്റംബർ 7-ാം തീയതി വരെയും ക്രിസ്തുമസ്സ് പ്രമാണിച്ച് ഡിസംബർ 24-ാംനു മുതൽ 53 ജനുവരി 4-ാംതീയതി വരെയും അവധിയായിരിക്കുമെന്ന് ഒരു വിജ്ഞാപനത്തിൽ പറയുന്നു.

പുതിയ ബില്ല്

ചില സംഘടനകൾ രജിസ്റ്റർചെയ്യുന്നതിന്

(സ്വ-ലേ) തിരു, ആഗസ്റ്റ് 8

തിരു—കൊച്ചി സാഹിത്യ-ശാസ്ത്രീയ - ധാർമ്മികസംഘടനകൾ രജിസ്റ്റർചെയ്യുന്നതിനുള്ള ഒരു ബിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. സാഹിത്യപരവും ശാസ്ത്രീയവും ധാർമ്മികവുമായ സംഘങ്ങൾ രജിസ്റ്റർചെയ്യുക എന്നുള്ളതാണ് ഈ ബിൽകൊണ്ടുദ്ദേശിക്കുന്നതു്. കൊച്ചിയിൽ അക്കാര്യങ്ങൾക്കായി ഒരു ബിൽ ഊർജ്ജിതത്തിലുണ്ട്. ഇപ്രകാരമുള്ള സമിതികൾ രജിസ്റ്റർചെയ്യാൻ തിരുവിതാംകൂർപ്രദേശത്തു യാതൊരു നിയമവും ഊർജ്ജിതത്തിലില്ല.

സാക്ഷികൾക്ക്

മൊഴി മുഴുവൻ വായിച്ചു കേൾപ്പിക്കണം

(സ്വ-ലേ) തിരു. ആഗസ്റ്റ് 8

കീഴ്കോടതികളിൽ സാക്ഷികളെക്കൊണ്ട് മൊഴിയിൽ ഒപ്പ് ഇടുവിക്കുന്നതിനുമുമ്പ് മൊഴിമുഴുവൻ വായിച്ചുകേൾപ്പിക്കണമെന്ന വ്യവസ്ഥ കർശനമായിപാലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽനിന്ന് കീഴ്ക്കോടതികൾക്ക് സർക്കുലർ അയച്ചുകൊടുത്തിരിക്കുന്നു. മൊഴി സാക്ഷികളെ വായിച്ചുകേൾപ്പിക്കാതെ ഒപ്പിടുവിക്കുന്നതായി പരിശോധനയിൽ കാണപ്പെട്ടിട്ടുണ്ടെന്നും ഈ പതിവു ക്രമവിരുദ്ധമാണെന്നും സർക്കുലറിൽ പറയുന്നു.

വ്യാകരണത്തെറ്റ്

നെഹ്രുവിന്റെ സഹോദരി എഴുതിയ സാക്ഷ്യപത്രത്തിൽ

ന്യൂഡൽഹി, ആഗസ്റ്റ് 8

വിജയലക്ഷ്മി പണ്ഡിറ്റ് സോവിയറ്റ് യൂണിയനിൽ സ്ഥാനപതിയായി പോയ അവസരത്തിൽ വിദേശകാര്യാലയത്തിനു ഹിന്ദിഭാഷയിൽ എഴുതി സമർപ്പിച്ച സാക്ഷ്യപത്രത്തിൽ, ഭാഷാപരമായുണ്ടായിരുന്ന തെറ്റ് വിദേശകാര്യാലയത്തിലെ ഉദ്യോഗസ്ഥന്മാർ വിജയലക്ഷ്മിപണ്ഡിറ്റിന്റെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി. ഈ വിവരം വെളിപ്പെടുത്തിക്കൊണ്ട് വിജയലക്ഷ്മി പണ്ഡിറ്റ് പ്രസ്താവിച്ചതു്, ക്രംലിനിലെ വിദേശകാര്യാലയത്തിൽ ഹിന്ദിഭാഷാ പണ്ഡിതന്മാരുണ്ടെന്നാണ്.

വിജയലക്ഷ്മിപണ്ഡിറ്റ്, വാർദ്ധാ രാഷ്ട്രഭാഷാസമിതിയുടെ ഡൽഹി കേന്ദ്രത്തിൽ വച്ചു നടന്ന ഒരുയോഗത്തിൽ പ്രസംഗിക്കുകയിരുന്നു.

ഇന്ത്യൻതേയില

കൂടിയവില ലഭിക്കാൻ കേന്ദ്രഗവ: ശ്രമിക്കുന്നു

ന്യൂഡൽഹി, ആഗസ്റ്റ് 8

ഇന്ത്യൻ തേയിലയ്ക്കു കൂടുതൽ വില ലഭിക്കുന്നതിനുവേണ്ടി തന്റെ പരിമിതമായ അധികാരവും കഴിവും ഉപയോഗിച്ച് ചെയ്യാവുന്നതെല്ലാം താൻ ചെയ്തുകൊണ്ടിരിക്കുകയാണെന്ന് കേന്ദ്ര വ്യവസായവാണിജ്യവകുപ്പമന്ത്രി റ്റി. റ്റി. കൃഷ്ണമാചാരി ഇന്ന് കേന്ദ്രജനപ്രതിനിധിസഭയിൽ പ്രസ്താവിച്ചു.

അദ്ദേഹം ഇങ്ങനെ തുടർന്നുപറഞ്ഞു:—"നമ്മുടെ തേയിലയ്ക്കു കൂടിയ വില കിട്ടുന്നതിന് എന്തെങ്കിലും ചെയ്യുവാൻ കഴിയുമെങ്കിൽ അതു ചെയ്യുവാൻ ഗവമ്മെന്റ് തയാറാണ്. എല്ലാ സാദ്ധ്യതകളെക്കുറിച്ച് അന്വേഷിക്കുവാനും ഗവ:തയാറാണ്."

എന്നാൽ തേയിലവ്യവസായം ഗവ: കുത്തകയാക്കാതെ, തേയില വ്യവസായത്തിന്റെയോ വിലയുടേയോ ഗതിയിൽ ഗണ്യമായ മാറ്റം വരുത്തേണ്ടതെങ്ങനെയെന്ന് ഗവമ്മെന്റിന് അറിവില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. (പി. റ്റി. ഐ.)

മന്ത്രിസഭയിൽ

അഭിപ്രായസംഘട്ടനമില്ലെന്ന് മുഖ്യമന്ത്രി

(സ്വ-ലേ) തിരു, ആഗസ്റ്റ് 8

മന്ത്രിസഭയിൽ അഭിപ്രായസംഘട്ടനമുണ്ടെന്നുള്ള പത്രവാർത്തയെ ഇന്നു രാത്രി മുഖ്യമന്ത്രി ഏ. ജെ. ജോൺ നിഷേധിച്ചു.

ക്രിക്കറ്റ് മത്സരം

സമനിലയിൽ കളി അവസാനിച്ചു

ബർമിംഗാം, ആഗസ്റ്റ് 8

ഇന്ത്യയും വാർവിക്ഷയറും തമ്മിൽ നടന്നുവന്ന ക്രിക്കറ്റുമത്സരം സമനിലയിൽ അവസാനിച്ചു. ഇന്ത്യ 2 വിക്കറ്റിന് 172 റൺസ് എടുത്ത് ഡിക്ലെയർചെയ്തു. വാർവിക്ഷയർ 2 വിക്കറ്റിന് 96 എടുത്തു.

(റോയിട്ടർ)

ലണ്ടൻ, ആഗസ്റ്റ് 8

കമ്മ്യൂണിസം ദാരിദ്ര്യത്തിൽ നിന്നല്ല ഉടലെടുക്കുന്നതെന്നും, ഇടത്തരക്കാരായ ഉദ്യോഗസ്ഥന്മാർക്കിടയിലാണ് അതു പുഷ്ടിപ്പെട്ടുകാണുന്നതെന്നും ഏഷ്യൻപര്യടനം കഴിഞ്ഞെത്തിയ പ്രൊഫസർ ജോർജ്ജ് കാറ്റ്ലിൻ പ്രസ്താവിച്ചു

Late News

കറാച്ചി, ആഗസ്റ്റ് 8

പകിസ്ഥാൻ വിദേശകാര്യമന്ത്രി മഹമ്മദ് സഫറുള്ളാഖാൻ മന്ത്രിപദം രാജിവെച്ചുവെന്നുള്ള പത്രവാർത്തകൾ അടിസ്ഥാനരഹിതമാണെന്ന് പകിസ്ഥാൻ ഔദ്യോഗികകേന്ദ്രങ്ങൾ ഇന്നു പ്രസ്താവിച്ചു.

കൽക്കത്താ, ആഗസ്റ്റ് 8

ഹൗറായിലെ ഹുഗ്ലിഡോക്ക് ജെട്ടി ഇന്നു തകർന്നുപോയി. 25 പേർക്കു പരുക്കേറ്റു. 40 പേർ വെള്ളത്തിൽ വീണു. 8 പേരെ ഉടൻ രക്ഷിച്ചു. അവരെ ആസ്പത്രിയിലയച്ചു. മറ്റുള്ളവർ നീന്തി കരയ്ക്കുകയറി. വേലിയേറ്റം മൂലമാണ് ജെട്ടി തകർന്നതു്.

ദേശബന്ധു

1127 കർക്കടകം 25 ശനി

സ്റ്റേററുകളുടെ അവകാശം

ദക്ഷിണേന്ത്യൻ വ്യാപാരമണ്ഡലത്തിന്റെ 42-ാമതു വാർഷികസമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു് ഏതാനും ദിവസങ്ങൾക്കുമുൻപു് മദ്രാസ് മുഖ്യമന്ത്രി സി. രാജഗോപാലാചാരി ചെയ്ത പ്രസംഗത്തിൽ, സ്റ്റേററിന്റെ ഇന്നത്തെ സാമ്പത്തികനില തുലോം പരിതാപകരമാണെന്നും, പണമില്ലാതെ വ്യവസായവികസനപദ്ധതികൾ നടപ്പിൽ വരുത്താനോ മററു യോഗക്ഷേമ പ്രവർത്തനങ്ങളിലേർപ്പെടാനും അവ പുരോഗമിപ്പിക്കുവാനുമോ സാദ്ധ്യമല്ലെന്നും, കേന്ദ്രത്തിൽ നിന്നു കൂടുതൽ മുതലെടുപ്പു വിഹിതം നേടുകയെന്നതു മാത്രമേ ഈ ദുരവസ്ഥയ്ക്കു പരിഹാരമായുള്ളെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. കേന്ദ്രധനകാര്യമന്ത്രിയെ സ്റ്റേററിന്റെ ഈ ബുദ്ധിമുട്ടുകളുമാവശ്യങ്ങളും ബോദ്ധ്യപ്പെടുത്തി കൂടുതൽ ആദായവീതം വാങ്ങുകയെന്നതു് ദുഷ്കരമായൊരു കൃത്യമാണെന്നും രാജാജി പ്രസ്താവിച്ചു. വിദേശഭരണകാലം മുതൽക്കേ പ്രോവിൻസുകൾക്കു് ആദായനികുതിയിൽ നിന്നു് ഒരു വീതം നൽകുന്നഏർപ്പാടുണ്ടായിരുന്നു. മൌലികമായ എന്തെങ്കിലും തത്വങ്ങളോ നിയമമോ അനുസരിച്ചായിരുന്നില്ല അന്നങ്ങനെ ചെയ്തിരുന്നതു്. കൂടുതൽ പ്രക്ഷോഭണങ്ങൾ കൂട്ടുകയും പ്രേരണകൾ ചെലുത്തുകയും ചെയ്യുന്ന പ്രവിശ്യകൾക്കു കൂടുതൽ ആദായവീതം നൽകുകയെന്നതായിരുന്നു പതിവു്. നിർഭാഗ്യവശാൽ ഇന്നും ആ നിലതന്നെയാണു തുടരുന്നതെന്നു്, ദക്ഷിണേന്ത്യൻ വ്യാപാരമണ്ഡലവാർഷികത്തിൽ ആദ്ധ്യക്ഷംവഹിച്ച എം. എ. ചിദംബരം വിശദീകരിക്കുകയുണ്ടായി. പ്രക്ഷോഭണം കൂട്ടിയ ബംഗാളിനു് ആദായനികുതിയിൽനിന്നു മാത്രമല്ല, കസ്റ്റംസിലും എക്സൈസിലുംനിന്നുകൂടി വീതംകിട്ടുന്ന കാര്യം അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാണിക്കുകയും ചെയ്തു. ബംഗാളിനു് അവരുടെ ചണത്തിന്റെയും ചായയുടെയും കയററുമതിച്ചുങ്കത്തിൽനിന്നു് ഓഹരി കിട്ടാമെങ്കിൽ, എണ്ണ, എണ്ണക്കുരുക്കൾ, കാപ്പി, റബ്ബർ, കുരുമുളകു്, ചായ തുടങ്ങിയ അനേക സാധനങ്ങൾ വിദേശങ്ങളിലേക്കു കയററിയയയ്ക്കുന്ന മദ്രാസിനു് എന്തുകൊണ്ടു് ആ ആദായവീതം നിഷേധിക്കപ്പെടുന്നെന്നാണു് എം. എ. ചിദംബരം ചോദിക്കുന്നതു്. മദ്രാസിനു് ഇനി ഇക്കാര്യത്തിൽഅടങ്ങിയിരിക്കുക സാദ്ധ്യമല്ലെന്നും അദ്ദേഹം പ്രസ്താവിച്ചു.

കേന്ദ്രത്തിൽനിന്നുള്ള ഈ മുതലെടുപ്പുവിഹിതത്തിന്റെ കാര്യത്തിൽ മദ്രാസിനു് ഇനിയും അടങ്ങിയിരിക്കുക സാദ്ധ്യമല്ലെങ്കിൽ ഇക്കാര്യത്തിൽ മദ്രാസിനെ അപേക്ഷിച്ചു് എത്രയോ കൂടുതൽ നഷ്ടങ്ങളും കഷ്ടപ്പാടുകളുമനുഭവിക്കുന്നതും അവകാശങ്ങളർഹതയുമുള്ളതുമായ തിരു-കൊച്ചിക്കു് അത്രയുംകൂടി അടങ്ങിയിരിക്കുവാൻ സാദ്ധ്യമല്ലെന്നു സുസ്പഷ്ടമാണല്ലോ.

—o—

കാർ അപകടം

എം. എൽ. എ-യുടെ ഭവനത്തിൽ ചെന്നിടിച്ചു

മൂന്നുപേർ അപകടത്തിൽ

കൽക്കട്ടാ, ആഗസ്റ്റ് 7

ഇന്നലെ വൈകുന്നേരം വെല്ലിംഗ്ടൺസ്ക്വെയർ എന്ന സ്ഥലത്തുവച്ചു് ഒരു പ്രൈവററ് കാർ ഒരു പെൺകുട്ടിയുടെ ദേഹത്തു് ചെന്നിടിക്കയും കുട്ടി തെറിച്ചു് കാറിന്റെ മുൻവശത്തുള്ള "ബമ്പറി"ന്റെ മേൽവന്നു വീഴുകയും ചെയ്തു. അതിവേഗത്തിൽ ഓടിക്കൊണ്ടിരുന്നകാർ, കുട്ടിയേയും ബമ്പറിൽ വഹിച്ചുകൊണ്ടു് അതിന്റെ ഗതി തുടരുകയും, വീണ്ടും 4മൈൽ ദൂരംയാത്രചെയ്തതിനിടയ്ക്കു് 3 അപകടങ്ങൾകൂടി കഴിഞ്ഞു് നിൽക്കുകയും ചെയ്തു.

പെൺകുട്ടിയുടെ മേൽ കാർമുട്ടിയ ഉടൻ ഒരു വലിയജനക്കൂട്ടം തന്നെ പിൻതുടരുന്നുണ്ടെന്നറിഞ്ഞ ഡ്രൈവർ കാറിന്റെ ഗതിവേഗം വർദ്ധിപ്പിച്ചു്—മിക്കവാറും മണിക്കൂറിൽ 60 മൈലിൽ കുറയാതെ—രക്ഷപ്പെടാൻ ശ്രമിക്കയാണുണ്ടായതു്. നിയന്ത്രണാതീതമായ കാർ ഒരു റിക്ഷായുമായി കൂട്ടിമുട്ടി റിക്ഷാക്കാരനെ പരുക്കേൽപ്പിച്ചതിനു ശേഷം മറെറാരു വഴിയാത്രക്കാരനേയും തള്ളി മറിച്ചിട്ടു. അനന്തരം അതു്, വഴിയരികിലുണ്ടായിരുന്ന ഒരു കെട്ടിടത്തിന്റെ— ഒരു എം. എൽ. എ. യുടെ വസതിയാണെന്നറിയുന്നു —പുരോഭാഗത്തു ചെന്നു ശക്തിയായി ഇടിച്ചതിനു ശേഷം, പിന്നീടുമുന്നോട്ടു പോകാൻ നിർവാഹമില്ലാതിരുന്നതിനാൽ അവിടെനിന്നു. ഡ്രൈവർ ഉടൻ തന്നെ അപ്രത്യക്ഷനാകയും ചെയ്തുവത്രെ.

കാർ, പോലീസ് പിടിച്ചെടുക്കുകയും, ബമ്പർ സവാരി കഴിഞ്ഞ പെൺകുട്ടിയെ ആശുപത്രിയിലേയ്ക്കയയ്ക്കയും ചെയ്തു.

അന്നും ഇന്നും

ആത്മകഥാപരവും സാമൂഹ്യവുമായ രസകരമായ ചില ചിന്തകൾ—

മള്ളൂരിന്റെ പ്രസംഗം

(സ്വ-പ്ര)

കോട്ടയം, ആഗസ്റ്റ് 8

സി. എം. എസ്. കോളേജ് യൂണിയന്റെ ഉൽഘാടനകർമ്മം മള്ളൂർ ഗോവിന്ദപ്പിള്ള ഇന്നലെ രാവിലെ പത്തുമണിക്കു് കാളേജ് ഗ്രേററ്ഹാളിൽ കൂടിയ യോഗത്തിൽവച്ചു് നിർവഹിച്ചിരിക്കുന്നു.

മള്ളൂരിന്റെ പ്രസംഗം ഇങ്ങനെ സംഗ്രഹിക്കാം:-

എന്റെ പ്രസംഗം മലയാളത്തിലായിരിക്കണമെന്നു് നിങ്ങളുടെ സ്പീക്കർ എനിക്കൊരു നിർദ്ദേശം നൽകിയിട്ടുണ്ടു്. കോടതികളിൽ കേസുകൾ വാദിക്കുന്നതും ഇപ്പോൾ മലയാളത്തിൽ വേണമത്രെ. ഇംഗ്ലീഷെന്നു മാത്രമല്ല യാതൊന്നും അറിവില്ലാത്ത അസ്സസ്സർമാരെന്നൊരു കൂട്ടരെക്കൂടെ ഇപ്പോൾ കേസു കേൾപ്പിക്കേണ്ടതായുണ്ടു്. കഴുകുമരത്തിലേക്കാനയിക്കപ്പെട്ടിരിക്കുന്ന ഒരു മുസ്ലീം യുവാവിനെ രക്ഷിക്കാൻ വല്ല നിവൃത്തിമാർഗ്ഗവുമുണ്ടോ എന്നു തെല്ലൊന്നു ശ്രമിക്കുവാനാണു് കോട്ടയത്തു വന്നിരിക്കുന്നതു്. ആ കൃത്യാന്തരബാഹുല്യങ്ങൾക്കിടയിലും ഞാൻ ഈ കർമ്മം നിർവഹിക്കാമെന്നു സമ്മതിച്ചതു്,എന്റെ പഴയ വിദ്യാലയമായ ഈ കലാലയത്തോടുള്ള മങ്ങാത്ത സ്നേഹം ഒന്നുകൊണ്ടു മാത്രമാണു്. ഇന്നേക്കു് അറുപത്തിയഞ്ചു വർഷങ്ങൾക്കു മുമ്പു് ഒരു മോതിരം കോർത്ത ചരടു് കഴുത്തിൽ കെട്ടിക്കൊണ്ടു് പത്തു വയസ്സുള്ള ഒരു ദരിദ്രബാലൻ ഈ വിദ്യാലയത്തിൽ വന്നു ചേർന്നു. അന്നത്തെ ആ ദരിദ്രബാലനാണു് ഇന്നു നിങ്ങളുടെ മുമ്പിൽ നിൽക്കുന്ന ഈ എഴുപത്തിയഞ്ചുകാരൻ. എന്റെ എഴുപത്തിയഞ്ചുവയസ്സിൽനിന്നു് ഇന്നത്തെ ഈ സുദിനത്തിൽ അഞ്ചു വയസ്സു കുറഞ്ഞുപോയതുപോലെ തോന്നുന്നു.

ഞാൻ നിങ്ങളെഉപദേശിക്കാനൊരുങ്ങുന്നില്ല. ഉപദേശികളെ ഒഴിഞ്ഞുമാറിപ്പോകുവാനാണല്ലോ സാധാരണയായി നാം ശ്രമിക്കാറുള്ളതു്. ആശയത്തിലും ബുദ്ധിയിലും എന്നെക്കാൾ വളരെ മുന്നിട്ടുനിൽക്കുന്ന പലരും നിങ്ങളുടെ കൂട്ടത്തിൽ ഉണ്ടാവും. എന്നാൽ അനുഭവത്തിൽ എന്നെ കവച്ചുവയ്ക്കുന്നവരിവിടെ കാണുകയില്ല. ഞാൻ എന്റെ അനുഭവത്തിൽനിന്നുമാത്രം ചില കാര്യങ്ങൾ പറയാം.

കാലം മാറിപ്പോയി. പുരോഗമനം മാത്രമേ ഇന്നു് എല്ലാ രംഗങ്ങളിലും കാണുന്നുള്ളു. പുരോഗമനസാഹിത്യം വെറും തെറിയാണെന്നു പറയുന്നവരുണ്ടു്. അതു തെററാണു്. പുരാണങ്ങളിൽ ഇതിലെത്ര വലിയ തെറിയുണ്ടു്. പെൺകുട്ടികൾകൂടി ഉള്ളതിനാൽ ഈ വയസ്സൻ അതൊന്നും വിവരിക്കുന്നില്ല. പുരോഗതിയാകുന്ന ഗംഗാപ്രവാഹത്തിൽ അങ്ങിങ്ങായി കാണുന്ന പുൽക്കൊടികൾമാത്രമാണു് ഇന്നങ്ങിങ്ങായി കാണുന്ന രാജാക്കന്മാരും രാജത്വത്തിന്റെ അവശിഷ്ടങ്ങളും. പുരോഗതിക്കു വിലങ്ങുതടിയായി നിൽക്കാൻ ലോകമതങ്ങൾ ധാരാളം ശ്രമിച്ചിട്ടുണ്ടു് എന്നുള്ളതിനുദാഹരണങ്ങളെത്രവേണം. ഇംഗ്ലണ്ടിൽ മതത്തിന്റെപേരിൽ എത്രപേരെ ജീവനോടെ ദഹിപ്പിച്ചിട്ടുണ്ടു്. മന്ത്രവാദികളെന്നു പറഞ്ഞു് എത്രമാത്രം ശാസ്ത്രജ്ഞന്മാരെ കൊന്നിട്ടുണ്ടു്. എന്നാൽ ഇന്നെത്ര പുരോഗമിച്ചുകഴിഞ്ഞിരിക്കുന്നു. എന്തുകാര്യത്തിനായാലും ശരി ഏതൊരാളെ കൊന്നാലും ഇന്നവന്റെമേൽ നിയമനിഷ്പക്ഷഹസ്തങ്ങൾ നിപതിക്കുകതന്നെചെയ്യും. മതത്തെ പുരോഹിതവൃന്ദം എത്രമാത്രം വഷളാക്കിയിട്ടുണ്ടു്. ഈശ്വരൻ മന്ത്രങ്ങൾക്കതീതനാണെന്നും മന്ത്രത്തിന്റെ ആശാന്മാർ ബ്രാഹ്മണരാണെന്നും പറയുന്നു. ആരാണിതു പറയുന്നതു്? ബ്രാഹ്മണർ തന്നെ. ഇന്നു് എല്ലാ ഹിന്ദുക്കൾക്കും അമ്പലത്തിൽ കയറാം. ഇപ്പോൾ പകച്ചുനിൽക്കുന്നതു ബ്രാഹ്മണരാണു്. ക്രിസ്ത്യാനികളുടെയിടയിലും ജാതിയില്ലേയെന്നു ഞാൻ ചോദിക്കുന്നു. ഞാൻ ഇവിടെ പഠിച്ചുകൊണ്ടിരുന്നപ്പോൾ, "മതിലിൽ കിളുത്ത മാപ്പിളയും" പുലയനും പള്ളിയിൽ പ്രത്യേക സ്ഥാനമുണ്ടായിരുന്നു. പുരോഗതിയിൽ അതെല്ലാം മറന്നു കാണണം. മഹമ്മദീയരുടെയിടയിൽമാത്രം ജാതിചിന്ത അന്നുമില്ല ഇന്നുമില്ല. അക്ബറിനും ഇന്നു വേദത്തിൽചേരുന്ന അധസ്ഥിതനും ഒരേ ഒരു സ്ഥാനംമാത്രമാണു മതത്തിലുള്ളതു്.

ഇന്നു ക്രിസ്ത്യാനികളെ അധഃപതിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ദഹിക്കാത്തസംഗതി, പള്ളിവഴക്കം സമുദായക്കേസുമാണു്. മതത്തെ ചൂഷണംചെയ്തു കമ്പവീർപ്പിക്കുന്ന ചില വ്യക്തികളാണു് നശിച്ച ഈ വഴക്കു തള്ളിക്കൊണ്ടു പോകുന്നതു്. ഇപ്പോൾ എന്നെ കുററംപറഞ്ഞുകൊണ്ടിരിക്കുന്ന കെ. സി. മാമ്മൻമാപ്പിള രണ്ടുമാസംമുമ്പു് ഒരു പള്ളിക്കേസിനു് എറണാകുളത്തിനു് എന്നെ കൊണ്ടുപോയി. ഞാൻ അന്നു കേസ്സുവാദിച്ചെങ്കിലും ഇതു തീരുകയില്ലെന്നും തീർന്നാലല്ലാതെ പുരോഗതിയില്ലെന്നും അന്നു ഞാൻ പറഞ്ഞു. നിങ്ങളുടെ പിതാക്കന്മാരുടെ കാലത്തേയുണ്ടായിരുന്ന ഈ കേസ്സു് നിങ്ങളുടെ കാലത്തും നിങ്ങളുടെ സന്തതിയുടെകാലത്തും തീരുകയില്ലെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

അടുത്ത തലമുറയുടെ നായകന്മാരായ നിങ്ങൾ പുരോഗതിയുടെ ദീപയഷ്ടികളുമേന്തി ആശയശുദ്ധിയോടുകൂടി നിർഭയം പുരോഗമിക്കുക; അതാണു് നിങ്ങളുടെ കർത്തവ്യം. ആ കർത്തവ്യനിർവഹണത്തിനായി നിങ്ങളെ പ്രേരിപ്പിച്ചുകൊണ്ടു്, സി. എം. എസ്. കോളേജ് യൂണിയൻ സസന്തോഷം ഞാൻ ഉദ്ഘാടനംചെയ്തുകൊള്ളുന്നു.(സംഗ്രഹം)

കമ്മ്യൂണിസം-പ്രജായത്തത്തിനൊരു വിപത്തു്

ഏഷ്യൻ സ്വാതന്ത്ര്യ സംരക്ഷണ സമിതിയുടെ തുറന്ന കത്തു്

1952 മെയ് 16-ാംനു- പാർലമെൻറിൽ നടത്തിയ പ്രകടനാവസരത്തിൽ സൊസൈററി ഫോർ ഡിഫ്റൻസ് ഓഫ് ഫ്റീഡം ഇൻ ഏഷ്യ, "പ്രജായത്തത്തിനു വിപത്തു്'' എന്ന തലക്കെട്ടോടുകൂടി വിതരണം ചെയ്ത ലഘുലേഖയുടെ ആദ്യഭാഗം താഴെ ചേർക്കുന്നു:—

പുതിയ ഭരണഘടനപ്രകാരമുള്ള ആദ്യത്തെ പാർലമെൻറ സമ്മേളനത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പ്രജായത്തത്തിലെ ഏററവും വലിയതെന്നുപറയാവുന്നതും 1760 ലക്ഷം സമ്മതിദായകന്മാരുൾക്കൊള്ളുന്നതുമായ പട്ടിക നാം തയ്യാറാക്കി. 1050 ലക്ഷം വോട്ടർമാർ 4000 സ്ഥാനങ്ങളിലേയ്ക്കുള്ള 15000 സ്ഥാനാർത്ഥികൾക്കു വോട്ടുചെയ്തു.

കപടനാടകം

എന്നാൽ, സ്വതന്ത്ര്യഇന്ത്യ പ്രജായത്തം കെട്ടിപ്പടുക്കാൻ അത്യദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുമ്പോൾ പാർലമെൻററി പ്രജായത്തത്തിന്റെ ബദ്ധശത്രുക്കളായ കുറെ മെമ്പർമാർ നമ്മുടെ പാർലമെൻറിനകത്തു് ഇരിക്കുന്നുവെന്നതു് വ്യസനിക്കത്തക്ക സംഗതിയാണു്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുകയെന്ന ഉദ്ദേശത്തോടുകൂടിയാണു് പാർലമെൻറിനകത്തു്അവർ പ്രവർത്തിക്കുന്നതു്. കപടമായ നാട്യത്തിന്മേൽ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവരാണെങ്കിലും യഥാർത്ഥത്തിൽ അവർ ഒരു വിദേശശക്തിയുടെ ഏജൻറന്മാരാകുന്നു. കമ്മ്യൂണിസ്റ്റ് എം. പി. മാരായ ഇവർ തെരഞ്ഞെടുപ്പു സഖ്യത്തിന്റെയും സംയുക്തമുന്നണിയുടെയും സമ്പ്രദായമുപയോഗിച്ചുകൊണ്ടാണു് അവരുടെതന്ത്രത്തെ ശക്തിപ്പെടുത്തിയതു്. അവരുടെ വഴികൾ, രീതികൾ, പ്രചോദനങ്ങൾ, തന്ത്രങ്ങൾ, മുദ്രാവാക്യങ്ങൾ എന്നിവയെ പൊതുജനങ്ങളും മററുകക്ഷികളും വേണ്ടത്ര മനസ്സിലാക്കാതിരുന്നതും അവരുടെ വിജയത്തിനു സഹായകമായിട്ടുണ്ടു്.

അഞ്ചാംപത്തി

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി യഥാർത്ഥമായൊരു ഇന്ത്യൻ പാർട്ടിയല്ല. **ഇന്ത്യയുടെ ജീവൻ ജാമ്യത്തടങ്കലിൽ പിടിക്കുന്നതിനുവേണ്ടി ഇന്ത്യയുടെ ഏദയത്തിൽ റഷ്യ നട്ടുവളർത്തിയിട്ടുള്ള ഒരു അഞ്ചാംപത്തിയാണതു്.** അതിന്റെ ഭരണഘടനപ്രകാരം യുദ്ധകാലത്തു ഭൂഗർഭത്തിൽ മറഞ്ഞ 3-ാം ഇൻറർനാഷ്ണലിന്റെ ഒരു ഘടകമാണതു്. ഈ ഭരണഘടനയനുസരിച്ചു്, ഇന്ത്യൻ ഘടകം മോസ്ക്കോവിൽ നിന്നാണു് കല്പനകൾ സ്വീകരിക്കുന്നതും മോസ്ക്കോവിനോടാണു് ഉത്തരവാദപ്പെട്ടിരിക്കുന്നതും.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഈ വിദേശസ്വഭാവം മറച്ചുവെച്ചിരിക്കുകയാണു്. എന്തെന്നാൽ റഷ്യൻ 'സാമാന'ങ്ങൾ ഇന്ത്യൻ 'പെട്ടി'കളിലാക്കിയിട്ടാണു് അവർ വില്പനനടത്തുന്നതു്. പലപ്പോഴും ഇവിടത്തെ പ്രാദേശികാവശതകളുമായി അവർ ഇണങ്ങിച്ചേർന്നിരിക്കും. എന്നാൽ ഇതുകൊണ്ടു് ആരും വഞ്ചിതരായിപ്പോകരുതു്. റഷ്യൻ ഉദ്ദേശം നിറവേററുന്നതിനുവേണ്ടിയാണു് അവർ പ്രാദേശികാവശതകൾ സംഘടിപ്പിക്കുന്നതു്. കമ്മ്യൂണിസ്റ്റ് ഇൻറർനാഷ്ണൽ നിർദ്ദേശം നൽകുകയാണു്. "കമ്മ്യൂണിസ്റ്റ്പാർട്ടികൾ അദ്ധ്വാനിക്കുന്നവരുടെ നിത്യാവശ്യങ്ങളോടു യോജിക്കുന്ന മുദ്രാവാക്യങ്ങളും ആവശ്യങ്ങളും ഉന്നയിക്കണം— **"അവയെ ഇൻറർനാഷ്ണലിന്റെ മൌലികകർത്തവ്യത്തോടു ഘടിപ്പിച്ചുകൊണ്ടു്."**

കമ്മ്യൂണിസ്റ്റ് ഇൻറർനാഷ്ണലിന്റെ മൌലികകർത്തവ്യം, എല്ലായിടത്തും പാർല്ലമെൻറുകളും സ്വാതന്ത്ര്യവും നശിപ്പിക്കുക, രാഷ്ട്രീയവും സാമ്പത്തികവുമായ സംഘടനകളുടെ ശാസനാധികാരസമ്പ്രദായത്തിൽ റഷ്യൻ സാമ്രാജ്യത്വം സ്ഥാപിക്കുക, ചിന്താനിയന്ത്രണവും വ്യക്തിനിഷ്ക്കാസനവും കൈവരുത്തുക എന്നിവയാണു്.

കമ്മ്യൂണിസവും പാർല്ലമെൻറും

കമ്മ്യൂണിസ്റ്റുകാരുടെ അടിസ്ഥാനവിചിന്തനത്തിൽ പാർല്ലമെൻറ് ഒരു അശുദ്ധവസ്തുവാണു്. അതിനെ നശിപ്പിക്കുകയെന്നതിൽ കവിഞ്ഞ ഒരു വിപ്ളവകർത്തവ്യം വേറെയില്ല. എന്നാൽ അതിനെ നശിപ്പിക്കുന്നതു്, പുറത്തുനിന്നുകൊണ്ടു സാദ്ധ്യമല്ലെന്നും അകത്തുനിന്നുകൊണ്ടായിരിക്കണമെന്നുമാണു് കമ്മ്യൂണിസ്റ്റുകാർ വിശ്വസിക്കുന്നതു്. പാർല്ലമെൻറിനകത്തെ അവരുടെ നിയമവിധേയമായ പ്രവർത്തനങ്ങൾ പുറത്തെ നിയമവിരുദ്ധപ്രവർത്തനങ്ങളുടെ അനുബന്ധമാണു്. പാർല്ലമെൻറ സഭാമന്ദിരം വെറുമൊരു പ്രചരണമണ്ഡപമാക്കി ഉപയോഗിക്കുകയാണു്. ജനങ്ങളുടെ അവശതകൾ പരിഹരിക്കാൻ വേണ്ടിയല്ല, അവയെ പൊക്കിപ്പിടിപ്പിച്ചു് അധികാരത്തിലിരിക്കുന്ന കക്ഷിയേയും നിർമ്മാണപരമായ പരിപാടികളുള്ള മററു കക്ഷികളേയും അവഹേളിക്കുക എന്നുള്ളതാണു് അവരുടെ ലക്ഷ്യം. ഒരു ഗവമ്മെൻറിനും തൃപ്തിപ്പെടുത്താൻ കഴിയാത്ത ആവശ്യങ്ങളാണു് അവർ ഉന്നയിക്കുന്നതു്. വ്യയലഘൂകരണത്തിന്റെ പേരിൽ സൈന്യശക്തി കുറയ്ക്കണമെന്നു് അവർ ആവശ്യപ്പെടുന്നു. വ്യക്തികളുടെ പൗരസ്വാതന്ത്ര്യത്തിന്റെ പേരിൽ കമ്മ്യൂണിസ്റ്റുകാർ നടത്തുന്ന അട്ടിമറി പ്രവർത്തനങ്ങളിൽനിന്നു ജനതയുടെ പൗരാവകാശങ്ങളും രാഷ്ട്രീയാധികാരങ്ങളും സംരക്ഷിക്കുവാൻ ഗവർമ്മെൻറ യാതൊരു നടപടിയും എടുക്കുവാൻ പാടില്ല. എല്ലാ ശക്തികേന്ദ്രങ്ങളും ദുർബലപ്പെടുത്തുക, എല്ലാ പ്രതിരോധായുധങ്ങളും ബലഹീനമാക്കുക, എന്നിട്ടു തങ്ങൾക്കു് എളുപ്പത്തിൽ രാഷ്ട്രീയാധികാരം പിടിച്ചുപററാൻ കഴിയുന്നവിധത്തിൽ ജനങ്ങളെ ഭിന്നിപ്പിക്കുകയും അവരുടെ മനക്കരുത്തു നശിപ്പിക്കുകയും ചെയ്യുക ഇതാണവരുടെ ആശയം. അവർ ഇതെല്ലാം ചെയ്യുമ്പോൾ ജനാധിപത്യസ്നേഹികൾ കർമ്മവിമുഖരായി കഴിഞ്ഞുകൂടുകയാണു ചെയ്യുന്നതു്; തങ്ങളുടെ വിശ്വാസാദർശങ്ങൾക്കുവേണ്ടി പ്രവർത്തിക്കാതെയും കമ്മ്യൂണിസം എന്താണെന്നു മനസ്സിലാക്കാതെയും അലസരായി നോക്കിനിൽക്കുകയാണു ചെയ്യുന്നതു്. നമ്മുടെ ഭൂരിപക്ഷം പാർലമെൻറ മെമ്പറന്മാരും രാഷ്ട്രീയത്തിന്റെ ഹരി ശ്രീ അറിയാത്തവരാണെന്നു നാം ഓർക്കേണ്ടതുണ്ടു്. അവർ നല്ല തിരഞ്ഞെടുപ്പു പ്രചാരകന്മാരായിരിക്കാം. പക്ഷേ സ്വതന്ത്രമായ തിരഞ്ഞെടുപ്പുതുടങ്ങിയ ജനാധിപത്യസ്ഥാപനങ്ങളെ നശിപ്പിക്കുവാൻവേണ്ടി പ്രവർത്തിക്കുന്ന വിധ്വംസക ശക്തികളെ കണ്ടറിയുവാനുള്ളകഴിവു് ഇന്നവർക്കില്ല.

പഠിക്കണം

അവർ കമ്മ്യൂണിസവും, അതിന്റെ നയപരിപാടികളും, അതിന്റെ എല്ലാ തന്ത്രങ്ങളും, അതിന്റെ മുദ്രാവാക്യങ്ങളും, രാഷ്ട്രം പ്രിയതരമായി കരുതുന്ന എല്ലാററിനെയും നശിപ്പിക്കുവാൻ അവരെടുക്കുന്ന അടവുകളും നല്ലവണ്ണം പഠിക്കേണ്ടിയിരിക്കുന്നു. ഇതിൽ അവർ പരാജയപ്പെടുകയാണെങ്കിൽ, അവർ തങ്ങളുടെ മാത്രമല്ല ജനാധിപത്യത്തിന്റെയും രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തിന്റെതന്നെയും ശവക്കുഴി തോണ്ടുകയായിരിക്കും ചെയ്യുക.

കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ അവരുടെ ലക്ഷ്യങ്ങൾ ഒളിച്ചുവെക്കാറില്ല. ലെനിൻ പറയുകയാണു്:—"തൊഴിലാളിവർഗ്ഗത്തിലെ വിപ്ളവകാരികളുടെ പ്രത്യേകവിദ്വേഷം അർഹിക്കുന്ന ഒന്നായിത്തീർന്നിട്ടുണ്ടു് പാർലമെൻറ്.'' വിപ്ളവകാരികളായ തൊഴിലാളിവർഗ്ഗത്തിന്റെ ഈ മനോഭാവം തികച്ചും മനസ്സിലാക്കുവാൻ കഴിയുന്ന ഒന്നാണെന്നാണു് ലെനിൻ കരുതുന്നതു്. ഒരു പാർലമെൻറിനെയും അതിലെ അംഗങ്ങളെയുംപോലെ നികൃഷ്ടവും വഞ്ചനാത്മകവുമായ മറെറാന്നില്ല എന്നദ്ദേഹം വിശ്വസിക്കുന്നു. ലെനിൻ തുടർന്നു് എഴുതുകയാണു്:-പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഈ തിന്മയോടു്എങ്ങനെയാണു പടപൊരുതേണ്ടതെന്നുള്ള കാര്യം ആലോചിക്കുമ്പോൾ ഒരു വിട്ടുവീഴ്ച മനോഭാവം കൈക്കൊള്ളുന്നതു് യുക്തിസഹമായിരിക്കുകയില്ലെന്നുമാത്രമല്ല, തികച്ചും കുററകരവും കൂടിയാണു്.

സിലോണിൽകൊലപാതകംവർദ്ധിക്കുന്നു

മദ്യവില കൂട്ടിയിട്ടും ഉപദേശിച്ചിട്ടും ഫലമില്ലത്രേ

കൊളമ്പോ, ആഗസ്റ്റ് 7

സിലോണിൽ മദ്യത്തിനു് വിലവർദ്ധിപ്പിക്കുകയും സാമൂഹ്യപ്രവർത്തകർ സിലോണിലൊട്ടാകെ സഞ്ചരിച്ചു് മദ്യപാനം മിതമാക്കണമെന്നു് ഉപദേശങ്ങൾ വർഷിക്കുകയും ചെയ്തിട്ടും സിലോണിലെ കൊലപാതകങ്ങൾക്കു് യാതൊരു കുറവുമില്ല.

ഈ വർഷത്തിന്റെ ആദ്യത്തെ ആറുമാസക്കാലത്തിനിടയിൽ സിലോണിൽ 202 കൊലപാതകങ്ങൾ നടക്കുകയുണ്ടായി. കഴിഞ്ഞവർഷം ഇതേ കാലഘട്ടത്തിനിടയിൽ നടന്ന കൊലപാതകങ്ങൾ 206 ആണു്.

രണ്ടുമാസം മുമ്പു് സിലോണിലെ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ഇപ്രകാരം പ്രസ്താവിച്ചു:-

കൊലപാതകങ്ങൾ നടക്കുന്നതിനുള്ള ഒരു പ്രധാന കാരണം മദ്യപാനമാണു്.

(പി. ററി. ഐ.)

450 കോടി രൂപയാണു്

കഴിഞ്ഞ 5 കൊല്ലത്തിനിടയിൽ പുതിയ വ്യവസായ പ്രവർത്തനാർത്ഥം ഇന്ത്യയിൽ സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും മുടക്കിയിട്ടുള്ളതു്—പക്ഷേ, ഗവമ്മെൻറ് ഈ സ്വകാര്യവ്യവസായികളുടെ കാര്യത്തിൽ വേണ്ടത്ര താൽപ്പര്യം പ്രകടിപ്പിക്കുന്നില്ല—വേണ്ട പ്രോത്സാഹനം ലഭിക്കുന്നപക്ഷം വിദേശ സാധനങ്ങളുമായുള്ള മത്സരത്തിൽ നമുക്കു് 'ജയിക്കാവുന്നതാണു്

മദ്രാസ്, ആഗസ്റ്റ് 5

ഇന്ത്യയിലെ പുതിയ വ്യവസായങ്ങളുടെ പ്രവർത്തനത്തിൽ, 1946–1951 ഈ 5 കൊല്ലത്തിനിടെ 450 കോടി ക. സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും നിക്ഷേപിച്ചിട്ടുണ്ടെന്നു്, ഇന്ത്യൻ വ്യാപാരിമഹാമണ്ഡലം പ്രസിദ്ധപ്പെടുത്തിയ ഒരു താൽക്കാലികറിപ്പോർട്ടിൽ പറയുന്നു.

നിലവിലുള്ള വ്യവസായങ്ങളുടെ നടത്തിപ്പിനാവശ്യമായ മൂലധനം ഈ സംഖ്യയിൽ ഉൾപ്പെടും പക്ഷെ, നാട്ടിൽത്തന്നെ ഉണ്ടാക്കുന്ന മൂലധനവസ്തുക്കൾക്കുവേണ്ടിയുള്ള നിക്ഷേപങ്ങൾ ഇതിലുൾപ്പെടുകയില്ല.

സ്വകാര്യനിക്ഷേപങ്ങൾ ശരാശരി 90 കോടി ക. യാകുമെന്നു പ്രതിവർഷമുള്ള ശരാശരി മൊത്തക്കണക്കിൽ കാണുന്നു. അതു് ഇന്ത്യയുടെ ദേശീയവരുമാനസംഖ്യയേക്കാൾ ഒരു ശതമാനം കണ്ടു് ഏറെയാണു്.

നിലവിലുള്ള നിക്ഷേപക്കണക്കുകളുമായി താരതമ്യപ്പെടുത്തത്തക്ക സൂക്ഷ്മവിവരങ്ങൾ 1946-നു മുമ്പുള്ള കണക്കുകൾ കുറിക്കുന്നില്ല.

എഞ്ചിനീയറിംഗ്, കെമിക്കൽ, ഈ രണ്ടു വിഭാഗങ്ങളാണു് ഈ 5കൊല്ലത്തിനിടെ അഭിവൃദ്ധിപ്പെട്ടുവരുന്ന പുതിയ വ്യവസായങ്ങൾ. മോട്ടോർവാഹനങ്ങൾ, കപ്പലുകൾ, റേഡിയോ റിസീവറുകൾ, തുണിമിൽ യന്ത്രങ്ങൾ, ബൈസിക്കിൾ, വൈദ്യുതപങ്കകളും വിളക്കുകളും, കേബിൾ, കമ്പി മുതലായ സാധനങ്ങളുടെ ഉല്പാദനം നാട്ടിൽ പുരോഗമിച്ചിട്ടുണ്ടെന്നു് മണ്ഡലത്തിലെ ഒരംഗം പ്രസ്താവിച്ചു. വ്യവസായങ്ങൾക്കാവശ്യമായ ബോയ്ലറുകൾ, റെഫ്റിജറേററുകൾ, പെൻസിലുകൾ, കുട, ശസ്ത്രക്രിയോപകരണങ്ങൾ മുതലായ സാധനങ്ങൾ നിർമ്മിക്കുന്നതിനും പുതിയ വ്യവസായങ്ങൾ മുന്നിട്ടുവരുന്നുണ്ടെന്നും ഇതുകൂടാതെ പല രാസദ്രവ്യങ്ങളും ഇവിടെത്തന്നെ ഉണ്ടാക്കുവാനാരംഭിച്ചിരിക്കുന്നുവെന്നും മണ്ഡലം ചൂണ്ടിക്കാണിച്ചു.

മരുന്നുകളും, മററു വൈദ്യോപകരണങ്ങളും ഉണ്ടാക്കുന്നതിലും ഇന്ത്യ ഗണ്യമായ തോതിൽ പുരോഗമിച്ചിട്ടുണ്ടു്. 1938–39-ൽ ഈ സാധനങ്ങൾ 60.7 ലക്ഷം ക. ക്കു് ഇറക്കുമതിചെയ്തിട്ടുണ്ടെങ്കിൽ 1949–1950-ൽ 46 ലക്ഷമായി കുറഞ്ഞിട്ടുണ്ടെന്നുള്ളതു പ്രസ്താവ്യമാണു്. നാട്ടിൽ ഉണ്ടാക്കിയ മരുന്നുകളുടെ കയററുമതിക്കണക്കു പ്രസ്തുത കൊല്ലങ്ങളിൽ 27 ലക്ഷം ക. യിൽനിന്നു് 80 ലക്ഷം ക. യായി ഏറിയിട്ടുണ്ടു്.

കഴിഞ്ഞ 20 വർഷങ്ങൾക്കിടെ, ഇന്ത്യയിലെ ഉരുക്കു്, പഞ്ചസാര, കടലാസ്, സിമൻറ് എന്നീ നാലു വൻകിടവ്യവസായങ്ങൾ സ്തുത്യർഹമായ വിധത്തിൽ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്.

യുദ്ധത്തിനുമുമ്പു് ഇന്ത്യ പ്രതിവർഷം 40 ലക്ഷം ക. ക്കു് സോപ്പു് ഇറക്കുമതി ചെയ്തിരുന്നതു്, 1950–51-ൽ 1.94 ലക്ഷം ക യായി കുറഞ്ഞിട്ടുണ്ടു്. ഈ വിദേശ സോപ്പുകൾ മിക്കവാറും ഔഷധസോപ്പുകളും ചിലപ്രത്യേക സോപ്പുകളുമാണു്. ഇന്ത്യ ഇന്നു യൂറോപ്പിലെ ചില രാജ്യങ്ങളിലേയ്ക്കുപോലും സോപ്പു് അയയ്ക്കുന്നുണ്ടു്.

സ്വകാര്യനിക്ഷേപക്കാർ, ഇന്നാട്ടിൽ ഒട്ടും പിന്നോക്കമല്ല നില്ക്കുന്നതു് എന്നതു്, നമ്മുടെ വ്യവസായങ്ങളുടെ ഒരു നിരീക്ഷണം നടത്തിയാൽ തെളിയുന്നതാണു്. പക്ഷെ ഇന്ത്യയുടെ വ്യാവസായികാഭിവൃദ്ധിയിൽ ഇത്ര സുപ്രധാനമായൊരു സ്ഥാനം വഹിക്കുന്നസ്വകാര്യനിക്ഷേപക്കാർക്കു് തങ്ങളിൽനിന്നും പ്രതീക്ഷിക്കുന്ന സേവനം നൽകുവാൻ സഹായിക്കുന്ന മാർഗ്ഗങ്ങളുടെ കാര്യത്തിൽ പ്ളാനിംഗ് കമ്മീഷൻ വേണ്ട ശ്രദ്ധ പതിപ്പിച്ചില്ലെന്നതു് മണ്ഡലത്തിലെ ഒരംഗം ചൂണ്ടിക്കാണിച്ചു സ്വകാര്യനിക്ഷേപകർക്കു് ഗവർമ്മെൻറ് തക്ക സഹായം നൽകിയെങ്കിൽ വിദേശവസ്തുക്കളുമായുള്ള മത്സരത്തിൽ നമ്മുടെ വ്യവസായങ്ങൾക്കു് വിജയിക്കാമെന്നു് അദ്ദേഹം ഉറപ്പു നൽകി. പഞ്ചവത്സര പദ്ധതിയുടെ പ്രവർത്തനത്തിനു് 150 ലക്ഷം ടൺ സിമൻറ് ആവശ്യമുണ്ടു്. അതുതന്നെ നമുക്കു വേണ്ട സിമൻറ്മുഴുവൻ നമ്മുടെ വ്യവസായങ്ങൾതന്നെ നൽകുന്നതാണെന്നും അദ്ദേഹം അറിയിച്ചു.

(പി. ററി. ഐ.)

ഇന്നത്തെ സ്ഥിതിക്കു് സത്യഗ്രഹം ഒരു തെററായ നടപടിയാണു്

ഇത്തരംസത്യഗ്രഹങ്ങൾക്കു് ഡമോക്രസിയിൽ സ്ഥാനമില്ലെന്നു് ആചാര്യവിനോബഭാവെ

ബനാറീസ്സ്, ആഗസ്റ്റ് 5

സത്യഗ്രഹത്തിനു ശക്തിയുണ്ടെന്നു സമ്മതിക്കാതെ കഴികയില്ലെന്നും ഡമോക്രസിയിൽ അതിനു തീർച്ചയായും സ്ഥാനമുണ്ടെന്നും, ആചാര്യ വിനോബഭാവെ ഇന്നു വൈകുന്നേരത്തെ പ്രാർത്ഥനായോഗത്തിൽവച്ചു പ്രസ്താവിച്ചിരിക്കുന്നു. യു. പി പ്രധാനമന്ത്രി പണ്ഡിററ് പാന്തു് പ്രസ്താവിച്ചതായി പറയപ്പെടുന്ന ഒരു പത്രറിപ്പോർട്ടിനെ പരാമർശിച്ചുകൊണ്ടാണു് അദ്ദേഹം മേൽപ്രകാരം പ്രസ്താവിച്ചതു്.

ഇയ്യിടെയായി സത്യഗ്രഹായുധം മിക്കപ്പോഴും ദുരുപയോഗപ്പെടുത്തിക്കാണുന്നതു കൊണ്ടു് അതിന്റെ പ്രാധാന്യം നഷ്ടപ്പെടുകയാണു ചെയ്യുന്നതു്. ഇത്തരം സത്യഗ്രഹത്തെ വെറുക്കുന്നവർ ഒരു പ്രത്യാഘാതമെന്ന നിലയിലാണു്സത്യഗ്രഹത്തെതന്നെവെറുക്കുന്നതു്. സത്യഗ്രഹം ഒരാദർശമെന്ന നിലയിൽ തെററാണെന്നു് പണ്ഡിററ്പാന്തു് വിചാരിക്കുന്നില്ലെന്നാണു്ഞാൻകണക്കാക്കുന്നതു് അതുകൊണ്ടു്, സത്യഗ്രഹം ദുരുപയോഗപ്പെടുത്തുന്നതിനെക്കുറിച്ചായിരിക്കണം പണ്ഡിററ് പാന്തിന്റെ ആക്ഷേപമെന്നു് ഉദ്ദേശിക്കാവുന്നതാണു് എന്നും അദ്ദേഹം പറഞ്ഞു.

ജനഹിതത്തിനനുസരിച്ചു് ജനകീയഭരണം നടന്നുപോകയാണെങ്കിൽ സത്യഗ്രഹത്തിനുതന്നെ ഇടയില്ലെന്നു് അദ്ദേഹംവിശദമാക്കി. ഭൂമിയില്ലാത്തവർക്കു ഭൂമി വീതിച്ചുകൊടുക്കാനുള്ള തന്റെ ആഗ്രഹം നടപ്പിൽ വരുത്തുന്നതിനു താൻ 'നിരാഹാരവ്രതം അനുഷ്ഠിക്കുന്നതല്ലെന്നു് അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാട്ടി. ഇതിനു പകരം വസ്തു ഉടമകളുടെ അനുഭാവം നേടുന്നതിലേയ്ക്കായി താൻ അത്യന്തം പരിശ്രമിക്കുന്നതായിരിക്കുമെന്നു വിനോബാജി വ്യക്തമാക്കി. എന്നാൽ തന്റെ ഉദ്ദേശം സഫലമാക്കുന്നതിനൊരിക്കലും സത്യഗ്രഹമനുഷ്ഠിക്കുകയില്ലെന്നു് ഇതുകൊണ്ടർത്ഥമില്ലെന്നു് അദ്ദേഹം പറഞ്ഞു. ഇന്നത്തെ സ്ഥിതിക്കു സത്യഗ്രഹം ഒരു തെററായ നടപടിയാണെന്നു് ആരും സമ്മതിക്കുകതന്നെ ചെയ്യും. അത്തരം സത്യഗ്രഹത്തിനു ഡമോക്രസിയിൽ സ്ഥാനമില്ലെന്നു തീർത്തു പറയാവുന്നതാണെന്നു് അദ്ദേഹം പ്രഖ്യാപിച്ചു.

പ്രതികളെ വെറുതെ വിട്ടു

തങ്കം മരണക്കേസിൽ

തൃശ്ശൂർ, ഓഗസ്റ്റ് 7

തങ്കം മരണക്കേസിലെ പ്രതികളായ നാരായണയ്യർ, മന്ദം കൊച്ചുകുഞ്ഞു് എന്നിവരെ ശരിയായ തെളിവില്ലെന്നുള്ള കാരണത്താൽ വെറുതെവിട്ടുകൊണ്ടു് തൃശ്ശൂർ അഡീഷനൽ ആൻഡ് സെഷൻസ് ജഡ്ജി പി. കുമാരൻ ഇന്നു വിധി പ്രസ്താവിച്ചിരിക്കുന്നു. തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയരാഫീസിലെ ഒരു ക്ലാർക്കായിരുന്ന തങ്കം എന്നുപേരുള്ള അവിവാഹിതയായ യുവതി ഗർഭം അലസിപ്പിച്ചതു മൂലം തൃശ്ശൂർ പ്രസവാശുപത്രിയിൽ വച്ചു് മൃതിയടഞ്ഞുവെന്നുള്ളതാണു കേസ്സു്. അന്നു മുഖ്യമന്ത്രിയായിരുന്ന സി.കേശവനു് തങ്കത്തിന്റെ മരണം സംബന്ധിച്ച പേരുവയ്ക്കാത്ത സംശയാസ്പദമായചില കത്തുകൾ കിട്ടിയതിനെ തുടർന്നാണു് പോലീസ് ഇതുസംബന്ധിച്ചു് ഒരു കേസ്സു് രജിസ്റ്റർ ചെയ്തതു്. തുടർന്നു ഗർഭം അലസിപ്പിക്കാൻ മരുന്നു കൊടുത്തു എന്നകുററം ചുമത്തി മന്ദം കൊച്ചുകുഞ്ഞു് എന്നൊരാളെയും, എക്സിക്യൂട്ടീവ് എഞ്ചിനീയരാഫീസിലെ ഒരു ക്ലാർക്കായ നാരായണയ്യരെയും പോലീസ് അറസ്റ്റുംചെയ്തു. കേസ്സ്ഊർജ്ജിതത്തിൽ വന്നതോടെ മറവുചെയ്ത തങ്കത്തിന്റെ മൃതദേഹം മാന്തിയെടുത്തു പോസ്റ്റുമാർട്ടം നടത്തുകയുണ്ടായി. 19 സാക്ഷികളെ ഈ കേസ്സ്സംബന്ധിച്ചു വിസ്തരിച്ചിട്ടുണ്ടു്.

"പട്ടിണിമരണം കാണാൻ ശക്തിയില്ല"

പ്രൊഫസർ സാക്സേന പട്ടിണിയജ്ഞം തുടങ്ങുന്നു

ഗോരഖ്പൂർ, ആഗസ്റ്റ് 7 'പൂർവ യു പി. യിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പട്ടിണിമരണങ്ങളുടേതായ യാതനകണ്ടുകൊണ്ടിരിക്കുവാനുള്ള സഹനശക്തിയില്ലാത്തതുകൊണ്ടു്'' പ്രൊഫസർ സിബൻലാൽ സാക്സേന, അനിശ്ചിതകാലത്തേയ്ക്കു നിരാഹാരസത്യഗ്രഹം അനുഷ്ഠിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ആഗസ്റ്റ് 15-ാംനു-മുതൽ നിരാഹാരസത്യഗ്രഹമാരംഭിക്കുന്നതാണ്.

ഈ വിവരം സാക്സേന ഇന്നു് ഒരു പ്രസ്കോൺഫ്റൻസിൽ വെളിപ്പെടുത്തി. പാർല്ലമെൻറിലെ മുൻമെമ്പറും കെ. എം. പി. പാർട്ടി അംഗവുമാണു് സാക്സേന.

പട്ടിണിക്കിരയായിക്കഴിയുന്ന അനേകായിരം ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിനുപകരം, പട്ടിണിമരണങ്ങളെക്കുറിച്ചുള്ളതന്റെ റിപ്പോർട്ടു മറച്ചുവയ്ക്കുവാനും നിഷേധിക്കുവാനുമാണു് യു. പി. ഗവ: വ്യഗ്രത കാണിക്കുന്നതെന്നു് സാക്സേന ഒരു സുദീർഘപ്രസ്താവന മുഖേന ആരോപണം പുറപ്പെടുവിച്ചിരിക്കുന്നു.

(പി-ററി-ഐ.)

ദി ജി. ആർ. ചിട്ടിഫണ്ട്, കോട്ടയം.

പിടിച്ചവർക്കും പിടിക്കാത്തവർക്കും
വീതപ്പലിശയ്ക്കവകാശമുള്ള

പ്രതിമാസലേലച്ചിട്ടി നമ്പർ 2.

എ.	പ്രതിമാസം	40 രൂ. വീതം	30 മാസം മുതൽ രൂ.	1200
ബി.	,,	30	,,	900
സി.	,,	20	,,	600
ഡി.	,,	10	,,	300

ററ. ബി. റോഡിൽ കോഓപ്പറേററീവ് റെസ്റ്റോറൻറിൽ സ്ഥാപിച്ചിട്ടുള്ള ചിട്ടിയാഫീസിൽനിന്നും തലവച്ചോല വാങ്ങി ചേരുക.

മാനേജർ, കെ. ഗോവിന്ദപ്പിള്ള.

ഏതു രോഗത്തിനും

കവിരാജ് N. N. സെന്നിന്റെ

സിദ്ധമകരധ്വജം

തനി സ്വർണ്ണത്തിന്റെ അംശം ചേർത്തു് ഏററവും ശുദ്ധവും ഉന്നതവുമായി തയ്യാർചെയ്ത ഒരു ഉത്തമ ടോണിക്ക്.

പൊതുവേയുള്ള ക്ഷീണം, ഞരമ്പിന്റെ ശക്തിക്കുറവ്, ഹൃദയദൌർബല്യം, ഓർമ്മക്കുറവ്, ലിവർ, ആമാശയ പക്വാശയരോഗങ്ങൾ, ധാതുക്ഷയം മുതലായ അനവധി രോഗങ്ങൾക്ക്—അനുപാനങ്ങൾ മാത്രം മാററി ഉപയോഗിച്ച് ശമനത്തെ കൊടുക്കാവുന്ന ഈ മരുന്നു് ആരോഗ്യവും ഓജസ്സും വർദ്ധിപ്പിക്കുന്നതിനു് എതിരില്ലാത്തതാണ്.

കവിരാജ് N. N. സെൻ & കമ്പനി,
ലിമിററഡ്, കൽക്കട്ടാ 1.

വിതരണാധികാരികൾ:—

ശർമ്മാ & സൺസ്,
കോട്ടയ്ക്കകം,
തിരുവനന്തപുരം.

കവിരാജ്
മെഡിക്കൽ ഹാൾ,
തിരുനക്കര, കോട്ടയം.

റിട്ട: ആയുർവ്വേദഡയറക്ടർ
ധന്വന്തരിദാസ് നാരായണൻ മൂസ്സ്

↓

ദേശബന്ധു
വിശേഷാൽപ്രതിയിൽ

↓

"വേദവും ശരീരമൂലതത്വങ്ങളും"
എന്ന വിഷയത്തെപ്പററി
പണ്ഡിതോചിതമായ ചർച്ച നടത്തുന്നു.

ഗാന്ധിജിയുടെ ജന്മദിനാനുസ്മാരകമായി ഒക്ടോബർ 2-ാം തീയതി പ്രസിദ്ധീകരിക്കുന്ന വിശേഷാൽപ്രതിയിലേക്ക് ഏതാനും പരസ്യങ്ങൾകൂടി സ്വീകരിക്കുന്നതാണ്.

പരസ്യനിരക്ക്

കവർ പുറവശം (ദ്വിവർണ്ണം)	Rs.	150
കവർ അകവശം	,,	100
ഫുൾപേജ്	,,	80
അരപേജ്	,,	40
കാൽപേജ്	,,	20

മാനേജർ, ദേശബന്ധു.

പ്രാദേശികവാർത്തകൾ

ചങ്ങനാശ്ശേരി

ട്രാൻസ്പോർട്ടു പാഴ്സൽ ഏജൻറ ഒഴുനടയ്ക്കൽ വാസുപിള്ള ഉദരസംബന്ധമായ രോഗം നിമിത്തം ചൊവ്വാഴ്ച വൈകുന്നേരം നിര്യാതനായിരിക്കുന്നു.

ചെങ്ങന്നൂർ

ചെങ്ങന്നൂർ ഹിന്ദുകാളേജ് വിവിധ പരിപാടികളോടുകൂടി ആഗസ്റ്റ് 15 കൊണ്ടാടുന്നതാണെന്നു്, പ്രിൻസിപ്പൽ വി. ജി. വാസുദേവ് ഇവിടെ അറിയിച്ചിരിക്കുന്നു.

ഇളങ്ങുളം

1587-ാംനമ്പർ എൻ. എസ്സ്. എസ്സ്. ഇളങ്ങുളം വക്കം ഭാഗം കരയോഗത്തിന്റെ ഒരു വിശേഷാൽ പൊതുയോഗം കൊട്ടാരത്തിൽ മഠത്തിൽ ററി. ആർ. ദാമോദരൻകർത്തായുടെ അദ്ധ്യക്ഷതയിൽകൂടി, ഭാവിപുരോഗതിക്ക് ആവശ്യമായ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനു് ഒരു പുതിയ കമ്മററിയെ തെരഞ്ഞെടുത്തു് വേണ്ട പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

WANTED

Agency Superintendent, Vikram General Assurance Ltd., Bombay invite applications from influencial and experienced candidates to work as Agents in all the important places of Travancore—Cochin and Malabar on attractive terms. Apply to:—

P. K. A. Box No. 29.
C/o, Desabandhu.

പുതുപ്പാടി

കാക്കുന്നം, പുതുപ്പാടി എന്നീ സ്ഥലങ്ങളിൽ മദ്യപാനികളുടെയും ദുർമ്മാർഗ്ഗികളുടെയും ഉപദ്രവംമൂലം റോഡരുകിലുള്ള ഭവനവാസികൾക്ക് പലവിധത്തിൽ ഉപദ്രവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അധികാരികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കരുവാററാ

മുന്നൊരു ലക്കം ദേശബന്ധുവിൽ ഇവിടുത്തെ "ഉപഷാപ്പ്" കൾമൂലം സ്ഥലവാസികൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന വൈഷമ്യങ്ങളെപ്പററി റിപ്പോർട്ടു ചെയ്തിരുന്നുവല്ലോ. അതിന്റെ അടിസ്ഥാനത്തിൽ, ഇന്നുവൈകുന്നേരം സ്പെഷ്യൽ സി. ഐ. ഡി. ഇൻസ്പെക്ടരും പാർട്ടിയുംചേർന്നു കരുവാററായിലെ നാട്ടുമ്പുറങ്ങൾ പരിശോധിക്കുകയും വ്യാജമായി ശേഖരിച്ചുവച്ചിരുന്ന മദ്യകുംഭങ്ങളും മററ വിൽപ്പനഉപകരണങ്ങളും തൊണ്ടിയായി എടുത്തു് ഒരു ശ്രീധരന്റെ പേരിൽ കേസ്സെടുക്കുകയും ചെയ്തിരിക്കുന്നു.

കുന്നമ്മാവ്

സർക്കാർപ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർ എൻ. കെ. ശങ്കരൻ എളയിടം പെൻഷൻപററി പിരിയുന്നതു പ്രമാണിച്ചു്, ഐക്യോദയസമാജത്തിന്റെ ആഭിമുഖ്യത്തിൽ കേമമായ ഒരു യാത്രയപ്പു നൽകി. എം. ഗോപാലപിള്ളയുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതുയോഗത്തിൽ ഐദ്രോസ്വൈദ്യർ, ജേക്കബ് കുറപ്പത്തു്, മുനമ്പം പി. എം. പരീതു്, എം. കെ. ദാമോദരൻപിള്ള മുതലായവർ പ്രസംഗിക്കുകയും, ഐക്യോദയസമാജംവക സ്വർണ്ണമോതിരവും, അദ്ധ്യാപകസുഹൃത്തുക്കളുടെ വകയായി ഒരു വെള്ളിക്കപ്പും എളയിടത്തിനു പാരിതോഷികമായി നൽകുകയുംചെയ്തു.

തൃക്കാരിയൂർ

തൃക്കാരിയൂർ — കോട്ടപ്പടി ലൈനിൽ എൻ.എസ്. എസ്. സ്കൂളിനു സമീപമുള്ള ഒരുപാലം മിക്കവാറും തകരാറായിരിക്കുന്നു. ഉടൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

AVAILABLE FROM READY STOCK

ELECTRIC MOTORS,
Flour Mills, Rotary Oil Mills,
BALL BEARINGS OF ALL TYPES,
Pulleys, Beltings etc. etc.

THE QUILON AGENCIES,
Post Box No. 59
BeachRoad, QUILON.

Phone: 471.
Grams: "AGENCIES"

വയസ്ക്കര ആര്യവിലാസം
ഔഷധശാല
ഏജൻസി—ആലപ്പുഴ

ബ്രഹ്മശ്രീ വയസ്ക്കര മൂസ്സ് തിരുമനസ്സുകൊണ്ടു് 127 കർക്കടകം 29, 30 തീയതികളിൽ ടി ഔഷധശാലയിൽ ഉണ്ടായിരിക്കുന്നതാണെന്നു് അറിയിച്ചുകൊള്ളുന്നു.

മാനേജർ.

വാക്കൌട്ടുനടത്തി

ടെഹറാൻ, ആഗസ്റ്റ് 7

മുൻപ്രധാനമന്ത്രി ജനറൽ അലി റസ്മാറായുടെ ഘാതകനായ ഖലീൽ തമേസേബിയെ ജയിലിൽനിന്നു വിമോചിപ്പിക്കുന്നതിനുള്ളബില്ലിനു് ഏററവും മുൻഗണന നൽകാത്തതിൽ പ്രതിഷേധിച്ചു നാഷണൽ ഫ്റണ്ടു് പ്രതിനിധികൾ ഇന്നു പേഴ്സ്യൻ മജ്‌ലിസിൽ(പാർലമെൻറ്) വലിയ ഒച്ചപ്പാടുണ്ടാക്കുകയും മജ്‌ലിസ്സിൽനിന്നു വാക്കൌട്ടുനടത്തുകയുംചെയ്തു.

അയാതുള്ളാ കസ്ഹാനിയെ സ്പീക്കറായി മജ്‌ലിസ് തെരഞ്ഞെടുത്തു. (റോയിട്ടർ)

പരസ്യം

മാവേലിക്കര ജില്ലാക്കോർട്ടിൽ
(രണ്ടാംബഞ്ച്)

1951 അപ്പീൽ നമ്പർ 655.

വാദി:—ദി ഈസ്റ്റേൺ മർക്കൻറയിൽബാങ്ക്, ചങ്ങനാശ്ശേരി. മാനേജിംഗ് ഡയറക്ടർ ഇ. കെ. നാരായണപിള്ള.

1-ാംപ്രതി:—റാന്നി പകുതിയിൽ, പഴവങ്ങാടിക്കരമുറിയിൽ, മന്ദമരുതി മിഷ്യൻ ആശുപത്രിയിൽ ടെസ്സി ആയിരിക്കുന്ന എം. ററി. ചാക്കോ.

1-ാംപ്രതിയെ അറിയിക്കുന്നതു്:—

മേൽനമ്പർ അപ്പീലിനെ സംബന്ധിച്ചു് നിങ്ങൾക്കുള്ള സമാധാനം 1952 ആഗസ്റ്റ്മാസം 25-ാംനു- നിങ്ങളോ മുറപ്രകാരം അധികാരപ്പെടുത്തിയ ആളോ കോടതിയിൽ ഹാജരായി ബോധിപ്പിക്കാത്തപക്ഷം നിങ്ങളെ കൂടാതെ വ്യവഹാരം തീർച്ച ചെയ്യുന്നതാണെന്നുള്ള വിവരം അറിയിച്ചിരിക്കുന്നു.

ഉത്തരവിൻപ്രകാരം,
വാദിഭാഗം അഡ്വക്കേററ് കളത്തിൽ കെ. പത്മനാഭൻനായർ
(ഒപ്പ്)

29-7-1952.

പുവത്തുംമൂട്

ചേരിയിൽ പി. എ. നായരുടെ അകാലചരമത്തിൽ അനുശോചിക്കുന്നതിനായി, സ്ഥലം യുവജനസമാജത്തിന്റെ ആഭിമുഖ്യത്തിൽ ഒരു യോഗം കൂടുകയുണ്ടായി. യോഗത്തിൽ എസ്. കെ. രമേശ് ആദ്ധ്യക്ഷം വഹിച്ചു. പല സുഹൃത്തുക്കളും പരേതന്റെ സ്തുത്യർഹമായ പൊതുപ്രവർത്തനത്തെ പ്രശംസിച്ചുകൊണ്ടു പ്രസംഗിച്ചു. ബന്ധുമിത്രാദികളോടു് അനുശോചനം രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം പാസ്സാക്കുകയുമുണ്ടായി.

ആലപ്പുഴ

തിരുവിതാംകൂർ കൊച്ചിയും വടക്കേമലയാളവും ചേർന്നകേരളത്തിൽ അവശസമുദായങ്ങളുടെ ഏററവും പിന്നിൽ കിടക്കുന്ന വാണിയസമുദായത്തിന്റെ സർവ്വതോമുഖമായ പുരോഗതിയും കാംക്ഷിക്കുന്ന കേരളത്തിലെ എല്ലാ സുഹൃത്തുക്കളും, അവരവരുടെ ശരിയായ വിലാസവും മററ വിവരങ്ങളും കെ. എം. എൻ. ചെട്ടിയാർ, മാനേജർ, വിദ്യാരംഭം പ്രസ്സ് ആൻഡ് ബുക്കഡിപ്പോ, മുല്ലയ്ക്കൽ, ആലപ്പുഴ. എന്ന മേൽവിലാസത്തിലയച്ചു കൊടുക്കാൻ അഭ്യർത്ഥിക്കപ്പെട്ടിരിക്കുന്നു.

തിരുവല്ലാ

അഖില തിരു: പ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യാപക അസോസ്യേഷന്റെ ഒരു യോഗം പി വി. വറഗീസിന്റെ അദ്ധ്യക്ഷതയിൽ എസ്. സി. എസ്. പ്രൈമറിസ്കൂളിൽവച്ചു കൂടുകയുണ്ടായി. തിരുവിതാംകൂറിന്റെ വിവിധഭാഗങ്ങളിൽനിന്നും അംഗങ്ങൾ ഹാജരുണ്ടായിരുന്നു. ഗവർമ്മെൻറിൽനിന്നു് അടുത്തകാലത്തു നടപ്പിലാക്കിയിരിക്കുന്ന ശമ്പള പരിഷ്ക്കരണ പദ്ധതി തിരുവിതാംകൂർ വിഭാഗത്തിൽ പെട്ടപ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം നീതിപൂർവ്വകമല്ലെന്നും ഇതുസംബന്ധിച്ചു് അധികൃതസ്ഥാനങ്ങളിൽ എത്രയും വേഗം കാര്യമാത്രപ്രസക്തമായ രീതിയിൽ നിവേദനങ്ങൾ നടത്തുകയും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണെന്നും യോഗത്തിൽ തീരുമാനിച്ചു. തുടർന്നു്, അടുത്ത വാർഷികത്തോടുകൂടി പ്രസിഡണ്ടുസ്ഥാനത്തുനിന്നും വിരമിക്കുന്ന സ്ഥിരം പ്രസിഡണ്ടു് കെ. കുരുവിളയെ യഥോചിതം അനുമോദിക്കുന്നതിനെപ്പററിയുള്ള പരിപാടിയെക്കുറിച്ചു് ചിന്തിക്കുന്നതിലേയ്ക്കു് 15 പേരടങ്ങിയ ഒരു വർക്കിംഗ് കമ്മററി രൂപീകരിക്കയും ഏതാനും പ്രമേയങ്ങൾ പാസ്സാക്കുകയുമുണ്ടായി.

തെള്ളിയൂർ

എഴുമററൂർ വില്ലേജ് പഞ്ചായത്തു് അതിർത്തിയിൽ ഇപ്പോൾ 20-ൽ പരം വഴിവിളക്കുകൾ ഉദ്ദേശം ആറുമാസത്തിനു് മുൻപു് സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. എന്നാൽ ഇതുവരെയും ആ വിളക്കുകൾ കത്തിക്കുകയോ മണ്ണെണ്ണ അനുവദിച്ചു കിട്ടുകയോ ചെയ്തിട്ടില്ലാ. ടി പഞ്ചായത്തു് അതിർത്തിയിൽനിന്നും കരം പിരിച്ചു് എടുത്തിട്ടുള്ളതാണ്. അതിനാൽ പഞ്ചായത്തു് ഡയറക്ടരുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞു കാണാൻ ആഗ്രഹിക്കുന്നു.

അഖില തിരുവിതാംകൂർ വിശ്വകർമ്മമഹാസഭയുടെ ഒരുവിശേഷാൽ യോഗം അയിരൂർ എൻ. എസ്സ്. എസ്സ്. പ്രാദേശികയൂണിയൻ മന്ദിരത്തിൽ വച്ചു് അഖില.തി. വി.ക. മഹാസഭാ പ്രസിഡൻറ് യു. കെ. വാസുദേവനാചാരിയുടെ അദ്ധ്യക്ഷതയിൽ കൂടി, ഈകരകളിലെ വിശ്വകർമ്മ സമുദായത്തിൽ ഉണ്ടായിരുന്ന ഭിന്നിപ്പുകൾ പറഞ്ഞുതീർത്തു് അയിരൂർ പകുതിയിൽ പെട്ട നാലുകരകളിലെ വിശ്വകർമ്മസമുദായം ഉൾപ്പെട്ട പൊതുതിരഞ്ഞെടുപ്പു് നടത്തി. അതോടു കൂടി അയിരൂർ 34-ാം നമ്പരായി ഒരു ശാഖ മഹാസഭയോടു സംഘടിപ്പിക്കയും ചെയ്തിരിക്കുന്നു.

തണ്ണീർമുക്കം

തണ്ണീർമുക്കം ബോട്ടു ജട്ടിയുടെ പലകകൾ എല്ലാം, ആണി തുരുമ്പുപിടിച്ചകാരണം ഇളകി ഇരിക്കുകയാണ്. അതുപോലെ ബോട്ടുകൾ കെട്ടുന്നതിനു് പാലത്തിന്റെ മുൻവശത്തു് കുററികൾ ഒന്നും ഇല്ലാത്തതിനാൽ ബോട്ടുകൾ പാലത്തിൽമുട്ടി പലകകൾ ഇളകിക്കൊണ്ടാണു് ഇരിക്കുന്നതു്. 15 മിനിററ് ഇടവിട്ടു് ബോട്ടു് അടുത്തു് പല സ്ഥലത്തേയ്ക്കും പോകുന്ന ഒരു മേജർ ബോട്ടുജട്ടിയാണു് ഇതു്. ഈ ജട്ടിയുടെ ശോച്യാവസ്ഥ ഉടൻ പരിഹരിച്ചു കാണുവാൻ ആഗ്രഹിക്കുന്നു.

500 ക. വിലയുള്ള
സ്വർണ്ണാഭരണങ്ങൾ
സൌജന്യമായി
വിതരണം ചെയ്യുന്നു.

ഞങ്ങളുടെ കമ്പനിയുടെ പ്രചരണാർത്ഥം 4 വളകൾ ഡൈമണ്ട്കട്ടു്, നെക്ലെസ്സ് ചെയിനോടുകൂടിയതു്, ഒരു ജോഡി കാതിപ്പൂ, 4 ബോംബെ ഫാഷൻ മോതിരങ്ങൾ, ഒരു ജോഡി കുടുക്കുകൾ, 4 തോല അമേരിക്കൻ പുതിയ സ്വർണ്ണവുമടങ്ങുന്ന സാമ്പിൾപെട്ടികൾ സൌജന്യമായി കൊടുക്കുന്നതാണ്. ഏജൻസി വ്യവസ്ഥകൾക്കും, സാമ്പിൾ പെട്ടികൾക്കും ഉടനെ ആവശ്യപ്പെടുക.

American Novelty Store,
(D. B. K.)
Halka No, 22 Amritsar.

ഉടൻ പ്രദർശനമാരംഭിക്കുന്നു!

ചന്ദ്രാപിക്ചേഴ്സ്
ജനോവ
(മലയാളം)

എം. ജി. രാമചന്ദ്രൻ, ബി. എസ്. സരോജ,
ആലപ്പി വിൻസൻറ് മുതലായവർ നടിച്ചതു്.

പ്രതീക്ഷിപ്പിൻ!

എന്നെസ്സ്കെ ഫിലിംസ്

★ പണം - തോട്ടക്കാരൻ ★

RADHA KRISHNA FILMS LTD.,

Azad.

മള്ളൂർ ഉദ്ഘാടനകർമ്മം നിർവഹിച്ചു

നായർസമാജം സ്കൂളിൽപണിയുന്ന ലൈബ്രറിഹാൾ

കോട്ടയത്തെ സമ്പന്നരായ ഇതരസമുദായക്കാരുടെ ഇടയിൽ നായന്മാരുടെ ഏകസ്ഥാപനമായ ഈസ്കൂളിന്റെ പുരോഗതിക്ക് ഏവരും ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നുള്ള ഉൽബോധനം

(സ്വന്തം പ്രതിനിധി)

കോട്ടയം, ആഗസ്റ്റ് 8

കോട്ടയം താലൂക്ക് നായർസമാജം സ്കൂളിൽ പണിയുന്ന ലൈബ്രറിഹാളിന്റെ ശിലാസ്ഥാപനകർമ്മം ഇന്നു രാവിലെ ഒൻപതരമണിക്ക് സമാജത്തിന്റെ സ്ഥിരംപ്രസിഡണ്ടുകൂടിയായ മള്ളൂർ ഗോവിന്ദപ്പിള്ള, നിലവിളക്കും, വിറപറയും, പൂജാദ്രവ്യങ്ങളും വച്ചലങ്കരിച്ച പന്തലിൽ വച്ച് നിർവഹിച്ചിരിക്കുന്നു. ഈ ചടങ്ങുകളിൽ മിസ്സസ് മള്ളൂരും സംബന്ധിച്ചിരുന്നു.

സ്കൂൾമാനേജർ അഡ്വക്കേററ് എം. എൻ. ഗോവിന്ദൻനായർ സ്വാഗതമാശംസിച്ചുകൊണ്ട് ശിലാസ്ഥാപനകർമ്മത്തിന് മള്ളൂരിനെ ക്ഷണിച്ചു.

തുടർന്നു മള്ളൂർചെയ്ത പ്രസംഗത്തിൽ, "രാഷ്ട്രത്തിന്റെയും രാജ്യത്തിന്റെയും സമുദായത്തിന്റെയും നന്മയെ ലാക്കാക്കി പ്രവർത്തിക്കാൻ ഓരോ വിദ്യാർത്ഥികളും തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചിരുന്നു. കോട്ടയംതാലൂക്കിലെ സമ്പന്നരായ ഇതര സമുദായക്കാരുടെ ഇടയിൽ വെറും ദരിദ്രസമുദായമായ നായന്മാരുടെ ഏകസ്ഥാപനമാണ് ഇതെന്നും ഇതിന്റെ പുരോഗതിക്കുവേണ്ടി വിദ്യാർത്ഥികളും, അദ്ധ്യാപകരും, മാനേജ്മെന്റും ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നും മള്ളൂർ ഉൽബോധിപ്പിച്ചു. സമീപകാലത്ത് നായർസമുദായത്തിന് ഈ നാട്ടിലുണ്ടായിട്ടുള്ള വിദ്യാഭ്യാസപരവും, സാമ്പത്തികവുമായ പുരോഗതിയിൽ അദ്ദേഹം കൃതാർത്ഥത പ്രകടിപ്പിച്ചു.

കെട്ടിടംപണി ഫണ്ടിലേക്കു മള്ളൂർ 100 രൂപാ സംഭാവന ചെയ്യുകയുണ്ടായി.

120 അടി നീളം 24 അടി വീതിയിൽ പണിയുന്ന ഈ കെട്ടിടം പൂർത്തിയാകുന്നതോടുകൂടി വിസ്തൃതമായ ഒരു ഹാളില്ലായ്മയുടെ കുറവു പരിഹരിക്കപ്പെടുന്നതാണ്. കഴിഞ്ഞ കുംഭമാസത്തിൽ നടത്തിയ നാടകത്തിൽനിന്നുണ്ടായ മിച്ചവും, ബാക്കി പൊതുഫണ്ടും കൂടിയാണ് ഈ ആവശ്യത്തിലേക്കു വിനിയോഗിക്കുന്നത്. സമാജത്തിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനും ഇപ്പോൾ പ്രവർത്തകർ തീരുമാനിച്ച പ്രവർത്തനമാരംഭിച്ചിരിക്കുന്നു. അംഗത്വഫീസ് അഞ്ചുരൂപയാണ നിശ്ചയിച്ചിരിക്കുന്നത്.

യൂറോപ്പിൽയുദ്ധംഅത്യാസന്നമോ?

ഗ്രീക്കുസേനയുംബൾഗേറിയൻസേനയുംതയാറാകുന്നു

ന്യൂയോർക്ക്, ആഗസ്റ്റ് 8

ഗ്രീസിന്റെയും ബൾഗേറിയായുടെയും വമ്പിച്ച സേനകൾ ഗ്രീക്ക്–ബൾഗേറിയൻ അതിർത്തിയിൽ തയാറായി നിൽക്കുന്നുവെന്ന് അവിടെനിന്ന് ഐക്യരാഷ്ട്ര നിരീക്ഷകന്മാർ ഇന്നലെ റിപ്പോർട്ടുചെയ്തു. സ്ഥിതിഗതികൾ ഏററവും വിപൽക്കരമാണ്.

ബലംപ്രയോഗിച്ച് ഗാമ്മാദ്വീപ് തിരികെ പിടിച്ചടക്കുന്നതിന് ഗ്രീക്ക് നാഷനൽസേന ഉദ്ദേശിക്കുന്നുവെന്നും പ്രസ്തുത നിരീക്ഷകന്മാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

ഐക്യരാഷ്ട്രങ്ങൾ ഇടപെടുന്നപക്ഷം സ്ഥിതിഗതികൾ ശാന്തമാക്കുവാൻ കഴിയുമെന്നാണ് ആ നിരീക്ഷകന്മാരുടെ അഭിപ്രായം.

ഗ്രീക്ക്–ബൾഗേറിയൻ അതിർത്തിയിലുള്ള എവ്റോസ് എന്ന നദിയിൽ സ്ഥിതിചെയ്യുന്ന ഗാമ്മാ എന്ന ചെറുദ്വീപ് കഴിഞ്ഞമാസം ബൾഗേറിയൻസേന പിടിച്ചടക്കുകയും 10 ദിവസം ദ്വീപിൽ താമസിക്കുകയും ചെയ്തിരുന്നു. ആ അവസരത്തിൽ ബൾഗേറിയൻസേന രണ്ടുതവണ ഗ്രീക്ക്സേനയുമായി സംഘട്ടനത്തിൽ ഏർപ്പെടുകയുമുണ്ടായി. ബൾഗേറിയാക്കാർ 24 മണിക്കൂറിനകം ഗാമ്മാദ്വീപ് വിട്ടുപോകണമെന്ന് ഗ്രീക്ക് അധികൃതർ ആഗസ്റ്റ് 6–ാംതീയതി അന്ത്യശാസനം നൽകിയിരുന്നു. എന്നാൽ 6–ാംതീയതി ഗ്രീക്ക് അധികൃതർ നടപടിയൊന്നും കൈക്കൊണ്ടില്ല. 6–ാംതീയതി രാത്രിയും 7–ാംതീയതി രാവിലെയും ഗാമ്മാദ്വീപിൽ അങ്ങിങ്ങായി ബൾഗേറിയാക്കാർ സഞ്ചരിക്കുന്നതു കാണപ്പെട്ടു. നേരത്തെ നൽകിയിരുന്ന മുന്നറിയിപ്പനുസരിച്ച് ഗ്രീക്കുസേന വെടിവയ്പ്പു നടത്തി.

പ്രസ്തുത ദ്വീപിന്റെ കൈവശാവകാശത്തെപ്പററി ദീർഘകാലമായി നടന്നുവരുന്ന തർക്കത്തിനൊരു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി, ഒരു സംയുക്ത ഗ്രീക്ക്–ബൾഗേറിയൻ കമ്മററി രൂപീകരിക്കണമെന്നു രണ്ടുവർഷംമുമ്പ് ഐക്യരാഷ്ട്രസംഘടന ചെയ്ത നിർദ്ദേശത്തെ ബൾഗേറിയൻ ഗവർമ്മെന്റ് നിരസിക്കയാണുണ്ടായത്.

ഇന്ന് എവ്റോസ് നദീതീരത്ത് എല്ലാം ശാന്തമായി കാണപ്പെട്ടു. നദിയുടെ വടക്കേത്തീരത്ത് ബൾഗേറിയൻ സേനാകേന്ദ്രീകരണമില്ലെന്ന് ഗ്രീക്ക് ആക്ടിംഗ് പ്രധാനമന്ത്രി ഇന്നു പ്രസ്താവിച്ചു. (റോയിട്ടർ)

റേഡിയോ പ്രോഗ്രാം

തിരുവനന്തപുരം—കോഴിക്കോട്

ശനി

വൈകിട്ട് 5.30–ന് സമയസൂചന–സംഗീതം–വീണയും–വയലിനും (തിരു), 5.30–ന് സംഗീതം കെ. എസ്. വിശ്വനാഥൻ (കോ), 5.45–ന് സംഗീതം വയലിൻ കൊല്ലംകോട്ട് പി. കെ. സുന്ദരം (കോ), 6.10–ന് ഹിന്ദിവാർത്തകൾ, 6.20–ന് പ്രാദേശിക വാർത്തകൾ, 6.30–ന് ഗ്രാമീണപരിപാടി (തിരു), 6.30–ന് നാട്ടിൻപുറം (കോ), 7–ന് നിങ്ങൾ ആവശ്യപ്പെട്ടതു്–റിക്കാർഡ്, 7.30–ന് മലയാളംവാർത്തകൾ, 7.45–ന് ഭജനങ്ങൾ, 8–ന് "നിധി" മലയാളനാടകം, 8.30–ന് ബിസ്മില്ലാ ആന്റ് പാർട്ടി എയാർ റിക്കാർഡ്, 9–ന് ഇംഗ്ലീഷ് വാർത്തകൾ, 9.15–ന് ലളിതഗാനങ്ങൾ, 9.30–ന് ഗാനമഞ്ജരി റിക്കാർഡ്, 10–ന് സമയസൂചന–സമാപനം.

ഞായർ

കാലത്ത് 7.15–ന് സമയസൂചന–ഉദയഗീതം, 7.30–ന് മലയാളവാർത്തകൾ, 7.45–ന് സംഗീതം–മുസൂരി സുബ്രഹ്മണ്യയ്യർ–റിക്കാർഡ്, 8–ന് ഇംഗ്ലീഷ്‌വാർത്തകൾ, 8.15–ന് ബാലരംഗം–ബാലേട്ടൻ, 9–ന് സമയസൂചന–സമാപനം (കോ), 9–ന് വാനവിൽ–തമിഴ് റേഡിയോ അമ്മാവൻ (തിരു), 9.30–ന് സമയസൂചന–സമാപനം.

തിരുവനന്തപുരം

11.30–ന് രസഗോളം–മലയാളം, 12–ന് അരുണാചലകവിയുടെ കൃതികൾ–റിക്കാർഡ്, 12.15–ന് പാഡംസ് ആന്റ് ജവലീസ് എ. ഐ. ആർ. ഇൻസ്ട്രുമെന്റലിസ്റ്റ്, 12.30–ന് രശ്മി, 1–ന് നിങ്ങൾ ആവശ്യപ്പെട്ടതു്–റിക്കാർഡ്, 1.30–ന് സമയസൂചന—സമാപനം.

പുൽത്തൈലം

(സ്വ.ലേ) കുറുപ്പുമ്പടി, ആഗസ്റ്റ് 8

പുൽത്തൈലം 80 രൂ. 0 ണ.

നിലവാരം

(സ്വ–ലേ) ആലപ്പുഴ, ആഗസ്റ്റ് 8

എണ്ണ കൊച്ചി	470	0	0
പിണ്ണാക്ക്	85	0	0
എണ്ണ ആലപ്പുഴ	465	0	0
പിണ്ണാക്ക് ടി	80	0	0
കൊ: പുകരാശി	312	8	0
തെളിവ്	317	8	0
റായിമുങ്ക്	335	0	0
കുരുമുളക് പാലാ	3800	0	0
ടി തെക്കൻ	3750	0	0
ചുക്ക്	525	0	0
മഞ്ഞൾ	100	0	0
തങ്കം ബാററ്ലാ	91	4	0
പവൻ	63	8	0
സ്വർണ്ണം	60	0	0
വെള്ളി	161	0	0
ചില്ലറ	1	11	0

Edited by R. K. Kartha,
and Printed & published
by C. M. Sankara Pillai
at the Swaraj Printing
Works, Kottayam

ജാതിമതാദിചിന്തകൾക്കതീതരായി ഏകോദര സഹോദരന്മാരേപ്പോലെ ഒത്തൊരുമിച്ചു പുരോഗമിക്കുക

യുക്തിക്കും ശാസ്ത്രത്തിനും വിരുദ്ധമായ യാതൊന്നും സ്വീകരിക്കാതിരിക്കുക—അശിക്ഷിതമായ ജീവിതചര്യ ഒരു കാരണവശാലും സ്വീകരിക്കരുത്—നന്മ പഴയതിലായാലും പുതിയതിലായാലും അംഗീകരിക്കുക—തിന്മ എവിടെ കണ്ടാലും വർജ്ജിക്കുക—യുവജനങ്ങളോടു മള്ളൂരിന്റെ ഉജ്ജ്വലമായ ഉൽബോധനം

(സ്വ–പ്ര) കോട്ടയം, ആഗ: 7

സി. എം. എസ്. കാളേജിന്റെ ഉൽഘാടനകർമ്മം നിർവഹിച്ചുകൊണ്ട് മള്ളൂർ ഗോവിന്ദപ്പിള്ള ചെയ്ത സരസോജ്ജ്വലമായ പ്രഭാഷണത്തിന്റെ ഏതാനും ഭാഗങ്ങൾ രണ്ടാംപേജിൽ ചേർത്തിട്ടുണ്ട്. പ്രസ്തുത പ്രസംഗത്തിന്റെ ബാക്കി ഭാഗങ്ങളാണ് താഴെച്ചേർക്കുന്നത്:–

പ്രസംഗം മലയാളത്തിൽതന്നെ ആയിരിക്കണം എന്നുംകൂടി എന്നോടു ചട്ടംകെട്ടിയിട്ടുണ്ട്. ഇംഗ്ലീഷിൽ പറഞ്ഞാലുള്ള ആ ഉജാർ മലയാളത്തിൽ വരുമോ എന്തോ? വക്കീലന്മാർക്ക് ഇനി കോർട്ടിലും ഇംഗ്ലീഷിൽ പറയാൻ പാടില്ലാതായിട്ടുണ്ട്. ഇംഗ്ലീഷ് എന്നല്ല, ഒന്നുംതന്നെ അറിയാൻ പാടില്ലാത്ത പലരും അസസ്സറന്മാർ എന്നും പറഞ്ഞു കേസു വിചാരണയ്ക്കു വന്നിരിക്കുന്ന ഒരു സമ്പ്രദായം ഈയ്യിടെ തുടങ്ങിയിട്ടുള്ളതു നിങ്ങൾക്ക് അറിയാമായിരിക്കും. ഒന്നിലധികം കാരണങ്ങളാൽ അനാവശ്യമായ ഈ അജാഗളസ്തനം ഇവിടെയും ഇറക്കുമതിചെയ്തതുകൊണ്ടു വന്നിട്ടുള്ള ഒരു ദോഷം വക്കീലന്മാർക്കു ഇംഗ്ളീഷ് ലായും നഷ്ടപ്പെട്ടു എന്നു മാത്രമാണ്. എത്ര പ്രഗത്ഭനായാലും നിയമവിഷയങ്ങൾ മലയാളത്തിൽ പറഞ്ഞു ഫലിപ്പിക്കാൻ പ്രയാസമാണ്. ഇക്കഴിഞ്ഞ ഒന്നരമാസമായി തിരുവനന്തപുരത്ത് ഒരു പ്രക്ഷോഭജനകമായ ബാങ്കുപണാപഹരണക്കേസ്സിൽ അസസ്സറന്മാർക്കുവേണ്ടി സകലതും മലയാളത്തിൽ പറഞ്ഞു മുഷിഞ്ഞിരുന്ന എനിക്കു ഈ സദസ്സിലെങ്കിലും കുറെ ഇംഗ്ളീഷ് വിളമ്പാം എന്നുണ്ടായിരുന്ന ആശയും നിങ്ങൾ നിഷ്ഫലമാക്കിത്തീർത്തു.

വിദ്യാർത്ഥികളായ നിങ്ങൾ കാണുന്ന ലോകം ഒന്നു വേറെ—നിങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഏതു മാർഗ്ഗവും സ്വീകരിക്കുവാനുള്ള സന്നദ്ധത നിങ്ങൾക്കുണ്ട്. പരിണാമവാദിയായ ഡാർവിന്റെ സിദ്ധാന്തപ്രകാരം കൊള്ളരുതാത്തതു നശിക്കും, കൊള്ളാവുന്നതു ശേഷിക്കും എന്നുണ്ട്. ലോകം ആദാമിന്റെയും ഹവ്വായുടേയും കാലത്തിൽ നിന്നു വളരെ പുരോഗമിച്ചിരിക്കുന്നു. രാഷ്ട്രം, സമുദായം, സാഹിത്യം എന്നിതെല്ലാം പ്രതിദിനം ദ്രുതഗതിയെ അവലംബിച്ചുകൊണ്ടിരിക്കുന്നതു പ്രേക്ഷാവത്തുക്കളായ പ്രതിഭാശാലികൾക്കു കാണാവുന്നതാണ്. പുരോഗമനത്തെ വിഘ്നപ്പെടുത്തുന്ന ഏതു ശക്തിയേയും നേരിട്ടു പരാജയപ്പെടുത്തുക എന്നുള്ളതാണ് യുവലോകത്തിന്റെ ലക്ഷണവും ധർമ്മവും. രാജാവും പ്രജയുമാകട്ടെ, യജമാനനും ശിഷ്യനുമാകട്ടെ, മുതലാളിയും തൊഴിലാളിയുമാകട്ടെ, പുരോഹിതനും ആരാധകനുമാകട്ടെ ആരുതന്നെ ആയാലും അവശ്യകർത്തവ്യമായ പുരോഗമനത്തെ തടഞ്ഞാൽ അവരുടെ അനുഭവം എന്തായിരിക്കുമെന്നു നാം കണ്ടുകഴിഞ്ഞിരിക്കുന്നു. അധികാരിവർഗ്ഗം എന്നും സാധുജനങ്ങളെ രാഷ്ട്രത്തിന്റെ പേരിലും മതത്തിന്റെ പേരിലും ചൂഷണം ചെയ്യുകയാണുണ്ടായിട്ടുള്ളത്.

മലയാളക്കരയിലെ കഥ ഒന്നു വിചാരിക്കുക:—

ദൈവാധീനം ജഗൽസർവം
മന്ത്രാധീനന്തു ദൈവതം
തന്മന്ത്രം ബ്രാഹ്മണാധീനം
ബ്രാഹ്മണോമമ ദേവത!

എന്നു പറഞ്ഞു മനുഷ്യരെ കബളിപ്പിച്ചു കാലക്ഷേപം ചെയ്യാൻ ഇന്ന് ഒരു ബ്രാഹ്മണനും പുറപ്പെടുകയില്ല, നിശ്ചയം. കൂട്ടം കുടയുമായി കഴിഞ്ഞുകൂടിയ അന്തർജ്ജനങ്ങൾ ഇപ്പോൾ ഒരുകൂട്ടംകൂടാതെ ഉത്സവസ്ഥലങ്ങളിലും സിനിമാശാലയിലും കയറിയിറങ്ങുന്ന കാഴ്ച, എന്നെപ്പോലെയുള്ള വൃദ്ധന്മാരെ ആശ്ചര്യഭരിതരാക്കുന്നു. അധികകാലത്തിനുമുമ്പല്ല ഒരു നമ്പൂതിരി സ്ത്രീ എന്റെ ഭാര്യയുടെ അതിഥിയായി തിരുവനന്തപുരത്തു ഞങ്ങളുടെ വസതിയിൽ ഒരുദിവസം താമസിച്ച കഥ ഓർമ്മിക്കുമ്പോൾതന്നെ രോമാഞ്ചം ഉണ്ടാകുന്നു. ഞങ്ങൾക്കു വൈമുഖ്യം ആയിരുന്നെങ്കിലും അവർ ഞങ്ങളുടെകൂടെത്തന്നെ സുഖമായി ഭക്ഷണം കഴിച്ചു. അതു മാത്രമോ? അന്നു വൈക് അവർക്കു ലാക്കോളേജിൽ ഉണ്ടായിരുന്ന ഒരു ഒന്നാംതരം പ്രസംഗം കഴിഞ്ഞതിന്റെ ശേഷമുള്ള ഒന്നാംക്ലാസ്സ് പുലയന്റെ (ഹരിജന്റെ) മാറിടത്തിൽ അവർ ചന്ദനം പൂശുകയും ചെയ്തു. അവരുടെ ഭർത്താവായ തിരിപ്പാടും സന്നിഹിതനായിരുന്നു. എന്റെ കഥയോ എന്നു വാദിച്ചാൽ ഞാൻ വിസ്മയംകൊണ്ടു സ്തബ്ധനായിപ്പോയി. അതെന്റെ പോരായ്മയെന്നേയുള്ളൂ. നായർസമുദായത്തിന്റെ ഇന്നത്തെ കഥയെപ്പററി ഒരു വിശേഷം പറഞ്ഞിട്ട് അവർ എന്തു പുരോഗമിച്ചിരുന്നു സമർത്ഥിക്കാം. ശൂദ്രർ കൂടാതെ ഒന്നും പാടില്ലാത്ത ബ്രാഹ്മണരും ബ്രാഹ്മണരെക്കൂടാതെ ഒന്നും പാടില്ലെന്നു ശഠിച്ചുകൊണ്ടിരുന്ന ശൂദ്രരും (നായരും) ഇന്നില്ല. ബ്രാഹ്മണ പൌരോഹിത്യം നായർ ദൂരെ വലിച്ചെറിഞ്ഞിരിക്കുന്നു—അവരുടെ മേൽക്കോയ്മ നായന്മാർ സധൈര്യം പ്രതിഷേധിച്ചിരിക്കുന്നു. നായന്മാർ പരബല്ലതിണ്ണക്കളാണെങ്കിലും ബ്രാഹ്മണമേധാവിത്വം ഉപേക്ഷിക്കുന്നതിന് അവർക്കു കുറെ കാലതാമസം വേണ്ടിവന്നു. ക്ഷേത്രപ്രവേശനത്തോടുകൂടി ബ്രാഹ്മണന്റെ ആഭിജാത്യം ഭസ്മീകൃതമായി. മതസംബന്ധമായ ഈ പുരോഗതിയെ സമാശ്ലേഷിക്കാൻ ബ്രാഹ്മണമുഖ്യന്മാർ വളരെയുണ്ടെന്ന് എനിക്കറിയാം. ഇപ്പോഴും ജാതിവ്യത്യാസം പാലിക്കുന്ന ക്രിസ്ത്യാനികളുള്ളതാണ് എനിക്ക് ആശ്ചര്യമായി തോന്നുന്നത്. മുസ്ലീംസമുദായത്തെയാണ നാം മാതൃകയായിട്ടെടുക്കേണ്ടത്. ക്രിസ്ത്യാനികളിൽ ഒരുവിഭാഗം ഇന്നും പുരോഹിതശൃംഖലയിൽ കുടുങ്ങികിടക്കുകയാണ്. മതത്തിന്റെ പേരിൽ എത്രയോ പേരെ അവർ കത്തിക്കരിച്ചിരിക്കുന്നു എന്ന ചരിത്രം വായിച്ചു മനസ്സിലാക്കുക. ഇത്തരം ശൃംഖല പൊട്ടിച്ചു ദൂരെ എറിയാൻ അവരെ സമ്മതിക്കാത്തതു സാമാന്യജനങ്ങളെ ചൂഷണം ചെയ്തു മഹാരഥന്മാരായി കഴിഞ്ഞുകൂടുന്ന ഏതാനും വ്യക്തികളാണ്. ഇവിടുത്തെ പള്ളിവക തന്നെ വിചാരിച്ചു നോക്കുക. എന്താണതു്? എന്തു ചെയ്തും കക്ഷിവഴക്കു വർദ്ധിപ്പിച്ച് കാശുണ്ടാക്കുന്ന ചിലപ്രമാണികളെ അതിൽനിന്ന് ഒഴിച്ചാൽ കാര്യംഒക്കെ ശരിയാകും. രണ്ടുമൂന്നുമാസംമുമ്പ്, എന്നെ ഇപ്പോൾ എതിർക്കാൻ കോപ്പുകൂട്ടിയിരിക്കുന്ന എന്റെ സ്നേഹിതൻ കെ. സി. മാമ്മൻമാപ്പിളയുടെ കക്ഷിക്കുവേണ്ടി ഒരു പള്ളിവഴക്കിൽ ഞാൻ ഹൈക്കോടതിയിൽ വാദിച്ചപ്പോൾ ജഡ്ജിയോട് ഒരു കാര്യം പറഞ്ഞു. ഈ വഴക്ക് എന്റെ പിതാമഹന്മാരുടെ കാലത്തു തുടങ്ങി. ഇനി നിങ്ങളുടെ പൌത്രന്മാരുടെ കാലത്തുണ്ടായിരിക്കുകയും ചെയ്യും. നിങ്ങളുടെ ഒരു വിധികൊണ്ടു തിരുവിതാംകൂറിലെ പള്ളിവഴക്കു തീർക്കാമെന്നു വിചാരിക്കേണ്ട. ഈ കേസ്സിന്റെ ന്യായാന്യായങ്ങൾമാത്രം നോക്കി ഒരു വിധി കൽപ്പിച്ചാൽ മതി എന്നാണ് ഞാൻ പറഞ്ഞത്. എനിക്കറിയാം, ഈ പള്ളിവഴക്കു തീരാതെ യാക്കോബായസമുദായം അഥവാ ഇവിടുത്തെ ക്രിസ്ത്യൻസമുദായത്തിനു പുരോഗതി ഉണ്ടാകുകയില്ല. (ഈ ഭാഗം 2–ാംപേജിൽ സ്വല്പം തെററായി റിപ്പോർട്ടു ചെയ്യപ്പെട്ടുപോയതിൽ ഖേദിക്കുന്നു.)

പുരാണങ്ങളിലുള്ള അഭിനിവേശം ജനങ്ങൾക്ക് ഒന്നിനൊന്നു കുറഞ്ഞുവരുന്നു. യുക്തിക്കും ശാസ്ത്രത്തിനും അനുയോജ്യമല്ലാത്ത യാതൊന്നും സ്വീകരിക്കാൻ യുവജനങ്ങൾ സന്നദ്ധരല്ല. എന്നാൽ അശിക്ഷിതമായ ജീവിതചര്യ ഒരു കാരണവശാലും സ്വീകരിക്കയുമരുത്. നന്മ പഴയതിലായാലുംപുതിയതിലായാലുംഅംഗീകരിക്കുക. തിന്മ എവിടെ ഉണ്ടായാലും വർജ്ജിക്കുക. എല്ലാ പ്രവൃത്തിരംഗങ്ങളിലും മുന്നണിയിൽത്തന്നെ നിൽക്കണം എന്നുള്ള നിർബന്ധം യുവജനങ്ങളിൽ പ്രത്യക്ഷമാകുന്നത് അസ്വാഭാവികമോ അപലപനീയമോ അല്ല. ജീവചൈതന്യം അവരിലാണ് ശക്തിമത്തായി പ്രസരിക്കുന്നത്. യുവസ്നേഹിതന്മാരെ! നിങ്ങൾ ജാതിമതാദി ചിന്തകൾക്കതീതന്മാരായി ഏകോദരസഹോദരന്മാരെപ്പോലെ ഒത്തൊരുമിച്ചു പുരോഗമിക്കുക

വിദേശവാർത്തകളുടെ സംഗ്രഹം

നേപ്പാളിൽ കമ്മ്യൂണിസ്റ്റ് വിപ്ളവശ്രമം—പേഴ്സ്യയിൽ റഷ്യൻ ആയുധങ്ങൾ— കാശ്മീർ ചർച്ചകൾ

ടെഹറാൻ, ആഗസ്റ്റ് 8

ഇറാനിലെ ടൂഡെ (കമ്മ്യൂണിസ്റ്റ്)പാർട്ടിയംഗങ്ങളുടെ ഉപയോഗത്തിനായി റഷ്യയിൽനിന്നു ഇറാനിലേക്കു രഹസ്യമായി ആയുധങ്ങൾ കടത്തിക്കൊണ്ടുപോകുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഇരുരാജ്യങ്ങളുടെയും അതിർത്തിപ്രദേശത്തുകൂടി കടത്തിക്കൊണ്ടുപോകാൻ ശ്രമിച്ച ഒട്ടുവളരെ തോക്കുകളും മററും പിടിച്ചെടുക്കപ്പെടുകയുണ്ടായി.

നേപ്പാളിൽ വിപ്ളവം നടത്താൻ കമ്മ്യൂ: ശ്രമം

ഖാട്ട്മാണ്ഡു, ആഗസ്റ്റ് 8

നേപ്പാളിന്റെ വടക്കുപടിഞ്ഞാറൻ ഡിസ്ട്രിക്ടിന്റെ തലസ്ഥാനമായ ജൂംലാ എന്ന സ്ഥലം പിടിച്ചെടുക്കുന്നതിന് ആ പ്രദേശത്തെ ഒരു കമ്മ്യൂണിസ്റ്റുനേതാവായ ധ്യാൻബഹദൂർ കഴിഞ്ഞ ജൂലൈ 30–ാംനു ഒരു സായുധപരിശ്രമം നടത്തിയതായി ഏററവും വിശ്വാസയോഗ്യമായ കേന്ദ്രങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. അയാളെയും 13 സഹപ്രവർത്തകരേയും അന്നുതന്നെ സ്റ്റേററസൈന്യം അറസ്റ്റുചെയ്യുകയുണ്ടായി. ഖാട്മാണ്ടുവിലേക്കു കൊണ്ടുവരപ്പെട്ട അവരുടെ നേതാവിൽനിന്നും അതിപ്രധാനങ്ങളായ ചില രേഖകൾ ലഭിയ്ക്കയുണ്ടായി.

ചൈനക്കാരുമായി സമ്പർക്കം

അൽമോറാ ഡിസ്ട്രിക്ടിനോടു ചേർന്നുകിടക്കുന്ന ടിബററിലെ താക്ലൻഖാർ എന്ന സ്ഥലത്തുള്ള ചൈനാക്കാരുമായി സമ്പർക്കം പുലർത്തുന്നതിന് ധ്യാൻബഹദൂറിനു സാധിച്ചുഎന്നറിയുന്നു. ചൈനാക്കാർ, നേപ്പാളീസ് കമ്മ്യൂണിസ്റ്റുകാർക്ക് യാതൊരു സൈനികസഹായവും ചെയ്തില്ലെന്നും പറയപ്പെടുന്നു.

കാശ്മീർചർച്ചകൾ

ഐക്യരാഷ്ട്രങ്ങൾ, ആഗസ്റ്റ് 8

ഡോ: ഗ്രഹാമുമായി കാശ്മീർചർച്ചകൾ നടത്തുന്നതിന് ജനീവായിലെത്തുന്ന ഇന്ത്യയിലേയും പകിസ്ഥാനിലേയും ക്യാബിനററ മന്ത്രിമാർ, അവിടെ സെപ്തംബർമദ്ധ്യംവരെ താമസിക്കുന്നതിനുതയ്യാറായി പോരണമെന്ന് ഐക്യരാഷ്ട്രകേന്ദ്രങ്ങൾ പ്രസ്താവിച്ചിരിക്കുന്നതായി പി. ററി. ഐ. ലേഖകൻ കേബിൾ ചെയ്തിരിക്കുന്നു.

ശത്രുമനോഭാവമില്ല

കൊളമ്പോ, ആഗസ്റ്റ് 8

ഇന്ത്യയുടെനേരേ സിലോണിനു ശത്രുമനോഭാവമില്ലെന്നും എന്നാൽ ഇന്ത്യയിൽനിന്ന് സിലോണിലേക്കുള്ള നിയമവിരുദ്ധമായ കുടിയേററത്തെ അവഗണിക്കുന്നതു് രാജ്യദ്രോഹമായിരിക്കുമെന്നും സിലോൺ പ്രധാനമന്ത്രി പ്രസ്താവിച്ചിരിക്കുന്നു.

ദക്ഷിണാഫ്റിക്കൻ ദിനം

മദ്രാസ് ഓ: 8

എല്ലാകോൺഗ്രസ് കമ്മററികളും മററുദേശീയസംഘടനകളും ആഗസ്റ്റ് 24 ദക്ഷിണാഫ്റിക്കൻ ദിനമായി ആചരിക്കണമെന്ന് തമിഴ്നാട്ടുകോൺഗ്രസ് കമ്മററി പ്രസിഡന്റായ ഡോ. പി. സുബ്ബറായൻ അഭ്യർത്ഥിച്ചിരിക്കുന്നു.

രാജിസ്വീകരിക്കുന്നില്ല

ലാഹോർ, ആഗസ്റ്റ് 8

പകിസ്ഥാൻ മന്ത്രിസഭയിൽനിന്നു രാജിവച്ച വിദേശകാര്യമന്ത്രി സർസഫറുള്ളാഖാന്റെ രാജി സ്വീകരിക്കേണ്ടതില്ലെന്ന് പകിസ്ഥാൻ മന്ത്രിസഭ തീരുമാനിച്ചിരിക്കുന്നുവെന്ന് ലാഹോറിലെ ഒരു ദിനപ്പത്രം റിപ്പോർട്ടു ചെയ്തിരിക്കുന്നു.

കമ്മ്യൂണിസ്റ്റുകാർക്കു ശിക്ഷ

ലോസ്ഏഞ്ജൽസ് ഓ. 8

കാലിഫോർണിയായിലെ 14 പ്രമുഖകമ്മ്യൂണിസ്റ്റുകാർക്കു 5 വർഷം വീതം തടവും 10000 ഡോളർവീതം പിഴയും ശിക്ഷനൽകിയിരിക്കുന്നു.

ഭവനപരിശോധന

ജൊഹാൻസ്ബർഗ്, ഓ: 8

ദക്ഷിണാഫ്റിക്കൻ ഇന്ത്യൻ കോൺഗ്രസ്സിന്റെ പ്രസിഡണ്ടായി ഡോ: യൂസഫ് ഡാഡൂവിന്റെ മുറികൾ ഇന്നു് രണ്ടുരഹസ്യപ്പോലീസുകാർ പരിശോധിക്കുകയുണ്ടായി.

തിരുവനന്തപുരം വാർത്തകൾ

(സ്വ–ലേ) ആഗസ്റ്റ് 8

പത്മനാഭപുരംവില്ലേജ് പഞ്ചായത്ത്

സുന്ദരം അയ്യർ, ഡി.അപ്പാവു, എ. പത്മനാഭപിള്ള, ഡി.സുബ്രഹ്മണ്യയ്യർ, സി. തമ്മപ്പിള്ള എന്നിവരെ രണ്ടുകൊല്ലക്കാലത്തേയ്ക്ക് പത്മനാഭപുരം വില്ലേജ് പഞ്ചായത്ത് കോടതിയിലെ ജഡ്ജിമാരായി ഗവർമ്മെന്റിൽനിന്നും നിയമിച്ചിരിക്കുന്നു.

അവധി

ദേവസ്വം ബോർഡ് സെക്രട്ടറി കെ. കരുണാകരൻ മുന്നവധിയെ തുടർന്ന് ഒരുമാസത്തെ അവധികൂടി അപേക്ഷിച്ചിരിക്കുന്നു.

അമേരിക്കയിലേക്ക്

യൂണിവേഴ്സിററി കാളേജ് ലക്ചററായ ഏലിയാമ്മ ജോർജ് സ്റ്റാററിസ്റ്റിക്സ് സംബന്ധിച്ച് ഉപരിപരിശീലനത്തിനായി ഫോർഡ് ഫൌണ്ടേഷന്റെ സ്കോളർഷിപ്പോടുകൂടി അമേരിക്കയിലേക്ക് പോകുന്നതാണ്.

ഹൈക്കോടതി ജഡ്ജിമാർ

ഹൈക്കോടതിയിലേക്കു് രണ്ടു ജഡ്ജിമാരായി തിരുവനന്തപുരം ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജി ജി. കുമാരപിള്ളയേയും, എറണാകുളം അഡ്വക്കേററ് എം. എസ്. മേനോനെയും നിയമിക്കണമെന്ന് ചീഫ്ജസ്റ്റീസ് സുപ്രീംകോടതിയിലേക്കു ശുപാർശ ചെയ്തിരിക്കുന്നതായറിയുന്നു.

ദേവസ്വങ്ങൾക്കു റേഷനില്ല

പുതിയ നെല്ലെടുപ്പുനയത്തിന്റെ അടിസ്ഥാനത്തിൽ ദേവസ്വത്തിലേക്കു് ഇപ്പോൾ നൽകിവരുന്ന റേഷനരി മേലാൽ നൽകേണ്ടതില്ലെന്ന് ഗവർമ്മെന്റ് ഉത്തരവായിരിക്കുന്നു.

ദേവസ്വത്തിലേക്കു് സ്വതന്ത്രമായി മേലിൽ നെല്ലുവാങ്ങിക്കൊള്ളാവുന്നതാണ്.

"രാമരായപ്രൈസ്"

ആണ്ടുതോറും മഹോപാദ്ധ്യായ പരീക്ഷയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കുന്നവർക്ക് നൽകിവരുന്ന "രാമരായപ്രൈസ്" ഇക്കൊല്ലം എൻ. ശ്രീധരൻ നമ്പൂതിരിക്ക് ലഭിച്ചിരിക്കുന്നു.

തോക്കുകൾക്കും മററുമുള്ള ലൈസൻസ്

1951–ലെ ഇന്ത്യൻ ആയുധആക്ടനുസരിച്ചുള്ള റൂളുകൾ 52 ജൂലായ് 17 മുതൽ തിരു–കൊച്ചി സംസ്ഥാനത്തിനും ബാധകമായിരിക്കുന്നുവെന്ന് ഗവ:ന്റെ ഒരു വിജ്ഞാപനത്തിൽ കാണുന്നു. അതോടുകൂടി തിരുവിതാംകൂറിലും കൊച്ചിയിലും ഇതു സംബന്ധിച്ച നിലവിലുള്ള റൂളുകൾ റദ്ദാകുന്നതാണ്. എന്നാൽറദ്ദായിരിക്കുന്ന ചട്ടങ്ങളനുസരിച്ചു കൊടുത്തിട്ടുള്ള ലൈസൻസുകൾ അതിന്റെകാലാവധിയവസാനിക്കുന്നതുവരെ നിലവിലിരിക്കുന്നതുമാണ്. തോക്കുകൾക്കു ലൈസൻസ് നൽകാനുള്ള അധികാരം ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർക്കും റിവാൾവറിനുള്ള ലൈസൻസു നൽകാനുള്ള അധികാരം ചീഫ് സെക്രട്ടറിക്കും ആയിരിക്കുന്നതാണ്.

പഞ്ചായത്തു ഡയറക്ടർ

പഞ്ചായത്തു ഡയറക്ടർ പി. ജെ. സെബാസ്റ്റ്യൻ ആഗസ്റ്റ് 11–ാംനു ആലപ്പുഴ, എറണാകുളം, തൃശ്ശൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കു സർക്കീട്ടു പോകുന്നതും 19–ാംതീയതി തിരിച്ചെത്തുന്നതുമാണ്.

നിയമനം

എൻ. എസ്. എസ്. വിമൻസ്കോളജ് മലയാളം ലക്ചറർ പി. നളിനകുമാരിയെ വിമൻസ്കോളേജ് ലക്ചറർ ആയി നിയമിച്ചിരിക്കുന്നു.

സീതാറാംമില്ലിലെ കാര്യങ്ങൾ അന്വേഷിക്കുന്നു

തൃശ്ശൂർ സീതാറാം മിൽസിലെ ഷെയർകാരിൽ പത്തിൽ ഒരുഭാഗം അഭ്യർത്ഥിച്ചതനുസരിച്ച് പ്രസ്തുത മില്ലിലെ കാര്യങ്ങൾ അന്വേഷിക്കാൻ ജോയിന്റ് സ്റ്റോക്ക് അസി: റജിസ്ട്രാർമാരായ എം. കെ. രാമവർമ്മരാജാ, എസ്. മാധവൻപിള്ള എന്നിവരെ അന്വേഷണ ഇൻസ്പെക്ടറന്മാരായി ഗവ: ൽ നിന്ന് നിയോഗിച്ചിരിക്കുന്നു. ഇക്കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽവെച്ച് സീതാറാം മില്ലിലെ സ്ഥിതിഗതികളെപ്പററി അന്വേഷണം നടത്തണമെന്നു വിയ്യൂർ മെംബർ കരുണാകരൻ ആവശ്യപ്പെടുകയും അന്വേഷണം നടത്താമെന്ന് മന്ത്രിപനമ്പിള്ളിസമ്മതിക്കുകയുംചെയ്തിരുന്നതാണ്.

ട്രാൻസ്പോർട്ടു തൊഴിലാളികളുടെ ബോണസ്

ട്രാൻസ്പോർട്ടു മന്ത്രി കളത്തിൽ വേലായുധൻനായരുടെ അദ്ധ്യക്ഷതയിൽ ആഗസ്റ്റ് 12–ാംനു ട്രാൻസ്പോർട്ടു തൊഴിലാളികളുടെ ബോണസുകാര്യത്തെപ്പററി പര്യാലോചിക്കുന്നതിന് സെക്രട്ടറിയേററിൽവച്ച് ഒരു കോൺഫ്റൻസ് കൂടുന്നതാണ്.

അനുവാദം നൽകി

കോട്ടയം സബ്ഡിവിഷനൽ മജിസ്ട്രേട്ട് പൈപ്പു് കേസ്സിലെ സാക്ഷികളുടെ മൊഴി ഇംഗ്ലീഷിൽ സ്വന്തകൈപ്പടയിൽ എഴുതിയെടുക്കാൻ അനുവാദം നൽകിയിരിക്കുന്നു.

കള്ളനോട്ടുകേസ്സ്

നൂറുരൂപാ കള്ളനോട്ടുകേസ്സ് സബ്ഡിവിഷനൽ മജിസ്ട്രേട്ടുകോടതിയിൽ ഇന്നു വിചാരണ നടക്കുകയുണ്ടായി. സാംബർ, ശേഖരപിള്ള, പെരുമാൾ എന്നിവരെ പ്രോസിക്യൂഷൻഭാഗം സാക്ഷികളായി വിസ്തരിച്ചു. കേസ്സ് ആഗസ്റ്റ് 14–ാംനു–ക്കു് അവധിമാററി.

അപേക്ഷ ക്ഷണിക്കുന്നു

കമ്മ്യൂണിററി പ്രോജക്ട്കേന്ദ്രങ്ങളിൽ വില്ലേജ് ലെവൽ വർക്കേഴ്സ് ആയി നിയമിക്കപ്പെടാൻ ഡവലപ്പ്മെന്റ് കമ്മീഷണർ അപേക്ഷ ക്ഷണിച്ചിരിക്കുന്നു. ആഗസ്റ്റ് 12–നു മുമ്പ് അപേക്ഷ ലഭിച്ചിരിക്കണം.

നഴ്സുകൾ

കമ്മ്യൂണിററി പ്രോജക്ട്കേന്ദ്രങ്ങളിൽ നിയമിക്കപ്പെടുന്നതിനു കുഞ്ഞുമറിയാമ്മ, പി. തങ്കമ്മ എന്നീ നഴ്സുകളെ 9 മാസത്തെ പരിശീലനത്തിന്, സംസ്ഥാനത്തിനു വെളിയിൽ, ഗവ: അയച്ചിരിക്കുന്നു.

പുതിയ സ്റ്റാഫ്

കമ്മ്യൂണിററിപ്രോജക്ട് കേന്ദ്രങ്ങളിലേക്കു് 2 സൂപ്രവൈസർമാർ, 4 ഓവർസീയർമാർ, 6 ഡ്റാഫ്ററ്സ്മെൻ, 2 ഹെഡ്ക്ലാർക്കന്മാർ, 10 ക്ലാർക്കന്മാർ, 40 ലവൽവർക്കേഴ്സ് എന്നിവരുൾപ്പെട്ട സ്റ്റാഫിനെ നിയമിക്കാൻ ഗവ: അനുവദിച്ചിരിക്കുന്നു.

യൂണി: ആക്ട് പരിഷ്ക്കരണക്കമ്മീഷൻ

തിരുവിതാംകൂർ യൂണിവേഴ്സിററി ആക്ട് പരിഷ്ക്കരിക്കുന്നതിനുവേണ്ടി വൈസ്ചാൻസലർ അദ്ധ്യക്ഷനായും റജിസ്ട്രാർ സെക്രട്ടറിയായുമുള്ള റിഫോംസ്കമ്മീഷനംഗങ്ങളുടെ പേരുകൾ ഉടൻ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുമെന്നറിയുന്നു. ഈ കമ്മീഷനിൽ 15 അംഗങ്ങളുണ്ടായിരിക്കും. പട്ടം താണുപിള്ള, ആർ. ശങ്കർ, കൈനിക്കര പത്മനാഭപിള്ള, പി. എസ്. ജോർജ്, എൽ. എം. പൈലി, പി. എസ്. അച്യുതൻപിള്ള, വിദ്യാഭ്യാസ ഡയറക്ടർ, റവ: ഫാദർ വിലും തുടങ്ങിയവർ ഈ കമ്മീഷനിൽ അംഗങ്ങളായിരിക്കുമെന്നറിയുന്നു. മദ്രാസ് ലാകോളേജ് പ്രിൻസിപ്പലിനെ ഇതിൽ അംഗമായിരിക്കാൻ ക്ഷണിച്ചിട്ടുണ്ട്.

അവധി അനുവദിച്ചു

ആംഡ്റിസർവ് എ. എസ്. പി. ശ്രീനിവാസറാവുവിനു് മുൻ അവധിയെ തുടർന്നു ഒരുമാസത്തെ അവധികൂടെ അനുവദിച്ചിരിക്കുന്നു.

ഇരിഞ്ഞാലക്കുട മുനിസിപ്പൽകമ്മീഷണർ

ഇരിഞ്ഞാലക്കുട മുനിസിപ്പൽ കമ്മീഷണർ സി. ശങ്കരമേനോന് ഉപയോഗിക്കുന്ന തീയതി മുതൽ 4 മാസത്തെ അവധി അനുവദിച്ചിരിക്കുന്നു. ആ ഒഴിവിൽ എറണാകുളം മുനിസിപ്പാലിററി മാനേജർ ഗോദവർമ്മ തിരുമുൽപ്പാടിനെ ഇരിഞ്ഞാലക്കുട മുനിസിപ്പൽ കമ്മീഷണറായും നിയമിച്ചിരിക്കുന്നു.